# ക്രൈസ്തവ
# *വനിത*

**May - June 2012**

**"നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിനു
ദാസ്യത്തിന്റെ ആത്മാവിനെ അല്ല;
നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന
പുത്രത്വത്തിൽ ആത്മാവിനെ അത്രേ പ്രാപിച്ചത് "**
(റോമർ 8:15)

# CHRISTIAN
# *WOMAN*

A fundamental Christian bi-monthly publication
of the women, by the women, for the women

# ക്രൈസ്തവ *വനിത*

Annamma C. John Founder

Telephone 0471-244-9018 email: preethadenny@yahoo.com
Mobile: 9495679664



## Editorial Board

Mrs. Preetha Denny — Chief Editor
Mrs. Mary Anchan — Associate Editor

Sub Editors
Mrs. Sherine Kingston — Mrs. Sobha Selin


## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 1 |
| ക്രൂശിന്റെ സാധ്യതകൾ | 4 |
| എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ (സങ്കീ. 41:1) | 7 |
| കഫർന്നഹൂമിലെ ഒരു മാതൃകാഭവനം | 9 |
| പേർ വിളിക്കുമ്പോൾ കാണുമോ? | 12 |
| നമ്മുടെ ജനാധിപത്യം | 14 |
| പത്രോസേ നീ പാറയാകുന്നു | 17 |
| കുതിരകളിൽ ആശ്രയിക്കുന്നവർ | 19 |
| പേർ വിളിക്കുമ്പോൾ നിങ്ങളുടെ പേരും കാണുമോ? | 21 |
| കർത്താവായ യേശു ക്രിസ്തുവെന്ന വെളിച്ചം | 23 |
| "നിങ്ങളുടെ വിശ്വാസം എവിടെ?" | 29 |
| Quest 24 | 32 |
| Quest 23 -ന്റെ ഉത്തരങ്ങൾ | 33 |



വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹.50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**ഷെറിൻ കിംഗ്സ്റ്റൺ**
ഗുഡ് ന്യൂസ്
ആക്കുളം റോഡ്
തിരുവനന്തപുരം- 695 031



*For private circulation only*

*എഡിറ്റോറിയൽ*

# വാർദ്ധക്യം പ്രകൃതി സഹജമാണ്

ഈ പ്രപഞ്ചം അനുദിനവും മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരുടേയും മറ്റ് ജീവജാലങ്ങളുടേയും അവസ്ഥയും അതിൽ നിന്ന് വ്യത്യസ്തമല്ല. ജീവിതവും ജീവിതസാഹചര്യങ്ങളും വല്ലാതെ മാറിപ്പോയതായി നമുക്ക് കാണാം. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങനെ വ്യത്യസ്ത അവസ്ഥകളിലൂടെ കടന്നുപോയതിനു ശേഷമാണ് മരണം വന്ന് നിത്യതയിലേക്ക് കടക്കുന്നത്. അപകടങ്ങൾ രോഗങ്ങൾ എന്നിവ മൂലമുള്ള മരണം ഇതിനപവാദമാണ്. എന്നാലും മനുഷ്യർക്ക് ദൈവം വച്ചിരിക്കുന്ന അവസ്ഥകളാണ് ഇവയോരോന്നും.

കുഞ്ഞുങ്ങളെ ശ്രദ്ധിച്ചു നോക്കിയാൽ അവർക്ക് പെട്ടെന്ന് തന്നെ വളരണം, പപ്പയെപ്പോലെ അല്ലെങ്കിൽ അമ്മയെപ്പോലെ ആകണം എന്നതാണ് ആഗ്രഹം. എന്നാൽ പ്രായമായ മനുഷ്യർ തങ്ങളുടെ ചെറുപ്പകാലത്തെക്കുറിച്ചോർത്ത് സന്തോഷിക്കാനാണ് ഇഷ്ടപ്പെടുന്നത്. വൃദ്ധരായി വിഷമാവസ്ഥയിലാവുക എന്നത് ഒരിക്കലും ആരും ഇഷ്ടപ്പെടാത്ത കാര്യമാണ്. ഇന്നത്തെ സമൂഹത്തിലെ ചെറുപ്പക്കാരും, സമ്പന്നരും, വിദ്യാസമ്പന്നരും, പ്രതാപികളുമായ ഭൂരിപക്ഷം മക്കളും വൃദ്ധരായ മാതാപിതാക്കളെ ഒരു ഭാരമായി കാണുന്നവരാണ്. ദിവസേനയുള്ള വാർത്തകളിലൂടെ കണ്ണോടിച്ചാൽ വൃദ്ധരായ മാതാപിതാക്കൾക്ക് നേരെയുള്ള അതിക്രമങ്ങൾ എത്രതന്നെ കാണാൻ കഴിയുന്നു. മക്കളാൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധമാതാവ് പുഴയിൽ ചാടി, കടലിൽ ചാടാൻ പോയ വൃദ്ധയെ നാട്ടുകാർ രക്ഷിച്ചു, പുഴുവരിച്ചനിലയിൽ വൃദ്ധപിതാവിനെ കണ്ടെത്തി, അലഞ്ഞുതിരിയുന്ന വൃദ്ധദമ്പതികൾ എന്നിങ്ങനെ പല വാർത്തകളും പത്രങ്ങളിൽ വായിക്കാം. ചില വാർത്തകൾ വായിക്കുമ്പോൾ നമ്മുടെ ഹൃദയം വല്ലാതെ നൊമ്പരപ്പെട്ടു പോകുന്നു. ഇങ്ങനെയുള്ള മക്കളും ഈ ഭൂമിയിലുണ്ടല്ലോ! വയോജനദിനം, Parent's Day എന്നിങ്ങനെയുള്ള ദിനാചരണങ്ങൾ മുടക്കം കൂടാതെ ആചരിക്കുന്നവരാണ് നാം. ഈ ദിനങ്ങളിൽ മാത്രം വൃദ്ധജനങ്ങളെ ഓർക്കുന്നു.

ഇന്നത്തെ ചെറുപ്പക്കാരായ മാതാപിതാക്കൾ സ്വന്തം കുഞ്ഞുങ്ങളെ വളരെയധികം ലാളിക്കുകയും അവർക്ക് ആവശ്യമുള്ളതും ഇല്ലാത്തതുമായ ധാരാളം കളിപ്പാട്ടങ്ങളും സമ്മാനങ്ങളും വാങ്ങിക്കൊടുക്കുകയും ചെയ്യുന്നു. ഈ കുഞ്ഞുങ്ങളുടെ മുമ്പിൽ വച്ചു തന്നെ വൃദ്ധരായ മാതാപിതാക്കളെ

അവഹേളിക്കുകയും ചെയ്യുന്നവർ ധാരാളമുണ്ട്. വളർന്നു വരുന്ന ഈ കുഞ്ഞുങ്ങളുടെ മനസ്സിൽ എന്തായിരിക്കും എന്ന് അവർ ചിന്തിക്കുന്നില്ല. ഞാൻ കേട്ട ഒരു കഥ ഈ അവസരത്തിൽ ഓർക്കുന്നു. സ്വത്തെല്ലാം എഴുതി വാങ്ങി വൃദ്ധരായ മാതാപിതാക്കളെ ഒരു കുടുസ്സുമുറിയിൽ തള്ളിയ രണ്ടാൺമക്കൾ. വൃത്തിഹീനമായ ചുറ്റുപാടിൽ ജീവിതം തള്ളിനീക്കാൻ വിധിക്കപ്പെട്ട അവർക്ക് ഭക്ഷണം കൊടുക്കുന്നത് പൊട്ടിപൊളിഞ്ഞ രണ്ട് പാത്രത്തിൽ. ഈ മാതാപിതാക്കളുടെ ദുരവസ്ഥ അറിഞ്ഞ് ചില സാമൂഹ്യപ്രവർത്തകർ എത്തിയപ്പോഴേക്കും അവർ മരിച്ചിരുന്നു. ആ അവസരത്തിൽ ഒരു വ്യക്തി അവരുടെ മക്കളുടേയും നാട്ടുകാരുടേയും മുമ്പിൽ വച്ച് കൊച്ചുമക്കളോട് ചോദിച്ചു: "പ്രായമായാൽ നിങ്ങളുടെ മാതാപിതാക്കളെ നിങ്ങൾ സംരക്ഷിക്കുമോ?" ഇതുകേട്ട മൂത്തകുട്ടി ഒന്നും മിണ്ടിയില്ല. ഇളയകുട്ടി പൊട്ടിയ പാത്രങ്ങളെടുത്തു എന്നിട്ട് പറഞ്ഞു: "ഇത് ഞാൻ സൂക്ഷിച്ചു വയ്ക്കും എന്റെ ഡാഡിക്കും മമ്മിക്കും പ്രായമായാൽ ചോറ് കൊടുക്കാൻ" എന്ന്. ഇതിൽ നിന്നും ഇങ്ങനെയുള്ള കാര്യങ്ങൾ കണ്ടും കേട്ടും വളരുന്ന തലമുറയുടെ മാനസികാവസ്ഥ എന്തായിത്തീരുമെന്ന് നമുക്ക് ഊഹിക്കാം. സമൂഹത്തിലെ കുട്ടികളിൽ നന്മയുടെ അംശം കുറഞ്ഞു വരുന്നതായി കാണാം. മുതിർന്നവരെ കണ്ടാണല്ലോ കുട്ടികൾ പഠിക്കുന്നത്. മുൻതലമുറയിൽ കൗമാരക്കാരും യുവാക്കളും മറ്റും പ്രായമായവരേയും, അദ്ധ്യാപകരേയും മറ്റും കാണുമ്പോൾ ബഹുമാനത്തോടെ എഴുന്നേല്ക്കുമായിരുന്നു. ഇന്ന് അത്തരത്തിലുള്ള ബഹുമാനങ്ങളൊന്നും പലരും കാണിക്കാറില്ല.

ചില ഉദ്യോഗസ്ഥരായിരുന്ന മാതാപിതാക്കൾക്ക് പെൻഷൻ ഉള്ളതുകൊണ്ട് മക്കളെ ആശ്രയിക്കാതെ ജീവിക്കാൻ പറ്റുന്നുണ്ട്. വരുമാനം ഉള്ളതുകൊണ്ട് അങ്ങനെയുള്ളവരെ നോക്കാൻ മക്കൾക്ക് താത്പര്യവും കാണും. എന്നാലും ജീവിതസായന്തനത്തിൽ ഒറ്റപ്പെടലിന്റെ വേദനകൾ അനുഭവിക്കുന്നവരാണ് അവരിൽ പലരും. മക്കളെ നല്ലരീതിയിൽ പഠിപ്പിച്ച് വലിയ ഉദ്യോഗസ്ഥരാക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ടാകാം. അവർ അമേരിക്കയിലോ, ഗൾഫിലോ യൂറോപ്യൻ രാജ്യങ്ങളിലോ ഒക്കെ ആയിരിക്കും. ഇന്ത്യയിൽ തന്നെ നഗരങ്ങളിൽ ജോലിയുള്ള മക്കൾക്കും മാതാപിതാക്കളെ കൂടെ നിർത്താൻ താത്പര്യം കാണില്ല. കാരണം തങ്ങളുടെ സ്റ്റാറ്റസിന് യോജിച്ച രീതിയിൽ ജീവിക്കാൻ ആ പഴയ തലമുറയ്ക്ക് കഴിയുകയില്ലല്ലോ? മക്കളുടെ ജീവിതത്തിൽ കട്ടുറുമ്പുകളാകേണ്ട എന്ന ചിന്തയാൽ സ്വന്തം ഗതികേടിനെ പഴിച്ചുകൊണ്ട് അവർ ജീവിക്കുന്നു. ചിലർ വൃദ്ധസദനങ്ങളിൽ ശിഷ്ടകാലം തീർക്കുന്നു. മറ്റുചിലരാകട്ടെ ഹോംനേഴ്സിന്റെ സംരക്ഷണത്തിൽ കഴിയേണ്ടി വരുന്നു. വൃദ്ധസദനങ്ങളും, ഹോം നേഴ്സിങ്ങ് സ്ഥാപനങ്ങളും വളരെയധികം നമുക്ക് ചുറ്റും കാണാൻ കഴിയുന്നുണ്ട്. ഒറ്റപ്പെടുന്ന

വൃദ്ധജനങ്ങൾക്ക് ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ഒരനുഗ്രഹം തന്നെയാണ് എന്ന് പറയാതെ വയ്യ. സ്വന്തമാതാപിതാക്കളെ താത്പര്യത്തോടുകൂടി സംരക്ഷിക്കുന്ന അനേകം മക്കളുമുണ്ട് എന്നകാര്യം വിസ്മരിക്കുന്നില്ല.

ഒരു ലേഖനത്തിൽ വായിച്ച ചില കാര്യങ്ങൾ കൂടി ഓർക്കുന്നു. ഇന്ന് ഇന്ത്യയിലെ ജനസംഖ്യ എടുത്തു നോക്കിയാൽ 100-ന് കുട്ടികൾ:25, മദ്ധ്യവയസ്കർ:50, വൃദ്ധർ:25 എന്ന കണക്കിലാണ്. എന്നാൽ ഒരു 25 വർഷം കഴിഞ്ഞാൽ അടുത്ത തലമുറയിൽ കുട്ടികൾ:15, മദ്ധ്യവയസ്കർ:25, വൃദ്ധർ:60 എന്നാകും. അതായത് ജോലിചെയ്യാൻ കഴിവുള്ള 25 പേർ വൃദ്ധരുടേയും കുട്ടികളുടേയും ചെലവ് വഹിക്കേണ്ടി വരും. ഈ ഒരവസ്ഥ വരുമ്പോൾ വൃദ്ധരാകുന്ന ഇന്നത്തെ യുവാക്കളുടെ അവസ്ഥ, ഇന്നത്തെ വൃദ്ധജനങ്ങൾ അനുഭവിക്കുന്നതിനേക്കാൾ വേദനാജനകമായിരിക്കാം. പ്രായമായവരോട് ഇടപെടുമ്പോൾ നാളെ നമുക്കും ഈ അവസ്ഥ വരുമെന്ന് ഓർക്കണം. ഞാൻ ഇന്ന് കാണുന്ന പ്രായമായവരുടെ അവസ്ഥയേക്കാൾ ഒട്ടും നല്ലതായിരിക്കില്ല എന്റെ വാർദ്ധക്യം എന്ന ചിന്തയോടുകൂടി പ്രായമായവരെ ബഹുമാനിച്ചും മക്കളെ അങ്ങനെ പഠിപ്പിച്ചും വളർത്താൻ ശ്രദ്ധിക്കാം.

വേർപെട്ട വിശ്വാസികൾ എന്നഭിമാനിക്കുന്നവർ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ഉത്പത്തി പുസ്തകത്തിൽ യോസേഫിന്റെ കാര്യം എടുത്താൽ എങ്ങനെയാണ് പ്രായമായ പിതാവിനെ ബഹുമാനിക്കേണ്ടത് എന്ന് കാണിക്കുന്നു. ഉത്പത്തി 46:26-ൽ സ്വന്തം official status നോക്കാതെ യോസേഫ് പ്രായമായ പിതാവിനെ ബഹുമാനിക്കുന്നതായി കാണാം. ഈ ഭൂമിയിൽ നമുക്കുള്ള മാതാപിതാക്കൾ എല്ലായ്പ്പോഴും ഒന്നുതന്നെ ആയിരിക്കും. മക്കൾ എത്രതന്നെ ഉന്നതനിലയിൽ എത്തിയാലും മാതാപിതാക്കൾക്ക് അർഹിക്കുന്ന ബഹുമാനം നല്കാൻ ശ്രദ്ധിക്കണം. അവരുടെ ആവശ്യങ്ങളിൽ കൂടെ ആയിരിക്കുവാൻ പരമാവധി ശ്രദ്ധിക്കണം. എല്ലാകാര്യങ്ങളിലും പ്രായമായവരെ ബഹുമാനിക്കാനും ഉപദേശം ആരായുവാനും യുവാക്കൾ ശ്രമിക്കണം. അവരുടെ പരിജ്ഞാനത്തോടു കൂടിയുള്ള ഉപദേശം പല ഘട്ടങ്ങളിലും നമുക്ക് തുണയായിരിക്കും. "വൃദ്ധരെ നിന്ദിക്കരുത്; നമുക്കും പ്രായമാവുകയാണ്" എന്ന ചിന്ത എപ്പോഴും ഉണ്ടായിരിക്കണം.

**ശ്രീമതി പ്രീത ഡെന്നി**
ചീഫ് എഡിറ്റർ

# ക്രൂശിന്റെ സാധ്യതകൾ

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

റോമാസാമ്രാജ്യത്തിൽ കഠിനമായ കുറ്റങ്ങൾ ചെയ്യുന്നവരെ പരസ്യമായി ശിക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നതാണ് ക്രൂശ്. ഇന്ന് ക്രൂശ് ഒരു ശാപത്തിന്റെ ചിഹ്നമാണ്.

മനുഷ്യപുത്രനായി മന്നിൽ അവതരിച്ച ദൈവപുത്രൻ യെഹൂദരുടേയും അവരുടെ പുരോഹിതന്മാരുടേയും ദൃഷ്ടിയിൽ അവരുടെ ന്യായപ്രമാണത്തെയും വ്യവസ്ഥിതികളെയും തകിടം മറിക്കുന്ന ഒരു പരിവർത്തനവാദിയായിരുന്നു. അതിനാൽ യെഹൂദപ്പരിഷകളും റോമൻ ഗവൺമെന്റും ചേർന്ന് ക്രിസ്തുവിനെ മരക്കുരിശിൽ തറച്ച് കൊല്ലുകയാണ് ചെയ്തത്. പാപം ഇല്ലാത്ത, പാപം അറിയാത്ത, പാപം ചെയ്തിട്ടില്ലാത്ത നിർമ്മലനായ ദൈവപുത്രൻ ശാപകരമായ മരക്കുരിശിൽ ശിക്ഷിക്കപ്പെട്ടതിനാൽ അന്നു മുതൽ ഇന്നുവരെയും ശതകോടികളുടെ രക്ഷയ്ക്ക് കാരണമായി. യേശു ക്രൂശിൽ ചൊരിഞ്ഞ നിർമ്മലമായ രക്തം സകലപാപവും പോക്കി മനുഷ്യരെ ശുദ്ധീകരിക്കുന്നതാണ്. അതിനാൽ ക്രൂശിക്കപ്പെട്ട ക്രിസ്തു വിശ്വസിക്കുന്നവ രുടെ ആരാധനാ പുരുഷനായിത്തീർന്നു.

**1. ബദ്ധശത്രുക്കൾ സ്നേഹിതരായി (ലൂക്കൊ. 23:12)**

ഹെരോദാവ് രാജാവും പീലാത്തൊസ് ഗവർണ്ണറുമായിരുന്നു. ഇവർ പരസ്പരം ശത്രുതയിൽ കഴിഞ്ഞിരുന്നവരാണ്. യെഹൂദന്മാരാൽ പിടിക്കപ്പെട്ട യേശുവിനെ ഹെരോദാവിന്റെ അടുക്കലേക്ക് വിസ്താരത്തിനായി അയച്ചു. എന്നാൽ ഹെരോദാവ് യേശുവിനെ പീലാത്തൊസിന്റെ അടുക്കലേക്ക് അയയ്ക്കുകയാണ് ചെയ്തത്. ഈ പ്രവൃത്തിയാൽ ബദ്ധശത്രുക്കളായിരുന്ന ഹെരോദാവും പീലാത്തൊസും സ്നേഹിതന്മാരായി. ദൈവത്തെ വിശ്വസിക്കാത്ത മനുഷ്യവർഗ്ഗം ദൈവത്തിന്റെ ശത്രുക്കളായിരുന്നു. മനുഷ്യർ എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരും ശത്രുക്കളുമായിരുന്നു. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷയായ മരണം യേശു സ്വയം ഏറ്റെടുത്ത് പാപിക്ക് വിമോചനം നല്കിയ ദൈവസ്നേഹത്തെ ദർശിച്ചപ്പോൾ ശത്രുക്കളായവർക്ക് ദൈവത്തോട് നിരപ്പും സമാധാനവും ലഭിച്ചു. ശത്രുക്കൾ ആയിരിക്കുമ്പോൾ തന്നെ നമുക്ക് ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ മരണത്താൽ ദൈവത്തോട് നിരപ്പു വന്നു (റോമ 5:10). ക്രൂശിൽ ഒഴുക്കിയ തിരുരക്തം മനുഷ്യരുടെ സകലപാപവും പോക്കി അവരെ ശുദ്ധീകരിക്കുന്നു. പരിശുദ്ധനായ ദൈവത്തോട് നിരപ്പു പ്രാപിക്കുവാൻ ക്രൂശിലെ പരമയാഗം സാധ്യത നല്കി.

**2. മരണശിക്ഷയിൽ നിന്നും വിടുതൽ (ലൂക്കൊ 23:25)**

കലഹവും കൊലയും ഹേതുവായി മരണശിക്ഷ കാത്ത് തടവിൽ കഴിഞ്ഞിരുന്നവനാണ് ബറബ്ബാസ്. പീലാത്തൊസ് യെഹൂദരുടെ പെസഹാ

പ്പെരുന്നാളിൽ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരാളെ വിട്ടയപ്പാൻ തീരുമാനിച്ചു. യേശുവിനെ വിട്ടയയ്ക്കുക എന്നതായിരുന്നു പീലാത്തൊസിന്റെ ലക്ഷ്യം. യെഹൂദമതനേതാക്കന്മാർ യേശുവിനെ ക്രൂശിക്കുക, ബറബ്ബാസിനെ വിടുക എന്ന് ആക്രോശിച്ച് കൂവി വിളിച്ചു. അങ്ങനെ മരണശിക്ഷയിൽ നിന്നും ബറബ്ബാസിന് വിടുതൽ ലഭിച്ചു. പാപം ചെയ്ത ദേഹി മരിക്കണം. പാപത്തിന്റെ ശിക്ഷ മരണമാണ്. മനുഷ്യർ ജീവപര്യന്തം മരണഭീതിക്ക് അടിമയാണ്. പാപമില്ലാത്ത പരിശുദ്ധനായ ദൈവപുത്രൻ പാപിയുടെ മരണശിക്ഷ സ്വയം ക്രൂശിൽ ഏറ്റെടുത്തതിനാൽ അവനിൽ വിശ്വസിക്കുന്ന വർക്ക് പാപമോചനവും വീണ്ടെടുപ്പും നിത്യജീവനും സൗജന്യമായി ലഭി ക്കുന്നു. ദൈവസ്നേഹത്തിന്റെ പരിപൂർണ്ണത ക്രൂശിൽ കാണുവാൻ കഴിയുന്നതാണ്.

**3. സ്വർഗ്ഗപ്രാപ്തിക്ക് ക്രൂശുമാത്രമാണ് ഏകമാർഗ്ഗം (ലൂക്കൊ. 23:42, 43)**

ഇരുവശത്തും രണ്ടു കള്ളന്മാരേയും നടുവിലുള്ള ക്രൂശിൽ യേശുവിനേയുമാണ് തൂക്കിലേറ്റിയത്. പ്രാരംഭത്തിൽ ഇവർ രണ്ടുപേരും യേശുവിനെ പഴിച്ചവരും ദുഷിച്ചവരുമായിരുന്നു. എന്നാൽ അതിൽ ഒരു കള്ളന് ബോധോദയം ലഭിച്ചു. അവൻ പറയുന്നത് നാമോ ന്യായമായ ശിക്ഷയാണ് അനുഭവിക്കുന്നത്. ഇവനോ (യേശു) അരുതാത്തത് ഒന്നും ചെയ്തിട്ടില്ല. മാത്രമല്ല, അല്പനിമിഷങ്ങൾക്കുള്ളിൽ മരണപ്പെടുന്ന ഇവൻ അതേ നിലയിൽ കഴിയുന്ന യേശുവിനോട് പ്രാർത്ഥിച്ചത്, അങ്ങ് രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നേയും ഓർത്തുകൊള്ളേണമേ എന്നാണ്. യേശു മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്ത് രാജാധിരാജാവായി വരുമെന്ന് അവൻ എങ്ങനെയോ അറിഞ്ഞിരുന്നു. യേശുകർത്താവ് അവനോട് പറഞ്ഞ മറുപടി, ഞാൻ രാജാവായി ഭാവിയിൽ വരുമ്പോഴല്ല ഇന്നു തന്നെ നീ എന്നോടു കൂടെ പറുദീസയിൽ (സ്വർഗ്ഗത്തിൽ) ഇരിക്കുമെന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു. ക്രൂശിന്റെ സാധ്യത നിത്യനരകത്തിന് യോഗ്യരായവരെ നിത്യസ്വർഗ്ഗത്തിന്റെ അവകാശികളാക്കി തീർക്കുന്നതാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ച് ആശ്രയിച്ചവരോട് കർത്താവ് പറഞ്ഞത്: “നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും” (യോഹ 14:1-3). നിത്യനരകത്തിൽ നിന്നും നിത്യസ്വർഗ്ഗത്തിന്റെ കവാടം തുറന്നത് ക്രൂശിലാണ്.

**4. ക്രൂശ് ചുമക്കുന്നവനും അവന്റെ തലമുറയും അനുഗ്രഹിക്കപ്പെടുന്നതാണ്. (ലൂക്കൊ: 23:26; മർക്കൊ 15:21)**

യേശുവിനെ ഭാരമുള്ള മരക്കുരിശ് ചുമപ്പിച്ച് ഗോല്ഗോത്തയിലേക്ക് നടത്തിച്ചപ്പോൾ യേശു ക്ഷീണിച്ച് പരവശനായി ക്രൂശ് വഹിപ്പാൻ കഴിയാതെ വണ്ണം വീഴുകയും ചെയ്തപ്പോൾ ആ വഴി വയലിൽ നിന്നും വരികയായിരുന്ന

കുറേനക്കാരനായ ശിമോൻ എന്ന ആളിനെ നിർബന്ധിച്ച് ക്രൂശ് ചുമപ്പിച്ചു. അവൻ യേശു ക്രിസ്തുവിൽ വിശ്വസിച്ചിരിക്കണം. അലക്സന്തരിന്റെയും രൂഫൊസിന്റെയും അപ്പനായിരുന്നു ശിമോൻ.

റോമാ ലേഖനത്തിന്റെ അവസാന അദ്ധ്യായത്തിൽ അപ്പൊസ്തലനായ പൗലോസ്ശ്ലീഹ തന്റെ സ്നേഹിതരെ വന്ദനം ചെയ്തിരിക്കുന്നത് കാണാം. അവിടെ "കർത്താവിൽ പ്രസിദ്ധനായ രൂഫൊസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചെയ്വിൻ" എന്നാണ്. മഹാകവി കെ.വി. സൈമൺ അവർകൾ പറഞ്ഞ ഒരു കഥ ഇപ്രകാരമാണ്. താൻ പാർത്തിരുന്ന ഗ്രാമത്തിൽ ഹൈന്ദവനായ ഒരാൾ പുസ്തകങ്ങൾ ബൈന്റ് ചെയ്തു കൊടുക്കുന്ന ജോലി ചെയ്താണ് ഉപജീവനം കഴിച്ചിരുന്നത്. ക്രൈസ്തവരുടെ ഭവനങ്ങളിൽ കയറിയിറങ്ങി വിശുദ്ധബൈബിൾ ശേഖരിച്ച് ബൈന്റ് ചെയ്യുന്ന ജോലിയാണ് അധികവും ലഭിച്ചിരുന്നത്. അയാൾ നന്നാക്കുവാനുള്ള വേദപുസ്തകങ്ങൾ ഒരു കുട്ടയിൽ വച്ച് ചുമന്നുകൊണ്ടു പോയി നന്നാക്കിയശേഷം അതേ കുട്ടയിൽ ചുമന്നുകൊണ്ടുവന്ന് വീടുകളിൽ കൊടുക്കുക പതിവായിരുന്നു. ഈ വിശുദ്ധദൈവവചനം വായിച്ചു കേൾപ്പിക്കുന്നവരും കേൾക്കുന്നവരും അത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ (വെളി 1:3). എന്നാൽ അതുമാത്രമല്ല ഇത് ചുമന്ന ഈ ഹൈന്ദവന്റെ കുടുംബം പിന്നത്തേതിൽ സകല ഐശ്വര്യവും സമ്പത്തും ഉള്ളവരായിത്തീർന്നു.

ക്രൂശ് ചുമന്നാൽ ചുമക്കുന്നവരും അവരുടെ പിൻതലമുറയും അനുഗ്രഹിക്കപ്പെടും എന്നതിന് തർക്കമില്ല. അതാണ് ക്രൂശിന്റെ സാധ്യത. അത് അതുല്യവും അപ്രമേയവുമാണ്. രക്ഷകനായ യേശുകർത്താവിനെ വിശ്വസിച്ചാശ്രയിച്ച് അനുഗമിക്കുന്നവർക്ക് നിന്ദയും പരിഹാസവും അവഗണനയും ലഭിക്കുന്നതാണ്. കഷ്ടത സഹിഷ്ണുതയേയും സഹിഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും നല്കുന്നതാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ച് അനുഗമിക്കുന്നവർക്ക് കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ പങ്കാളിത്തം ഉണ്ടായിരിക്കുന്നതാണ്.

തടിക്കഷണം കൊണ്ടുണ്ടാക്കിയ ചെറിയ കുരിശ് കഴുത്തിൽ കെട്ടി നടന്നതുകൊണ്ട് ആരും രക്ഷപ്പെടുകയില്ല. ക്രൂശിക്കപ്പെട്ട ക്രിസ്തു എനിക്കു പകരമായി ശിക്ഷ വഹിച്ച് എനിക്ക് വിടുതൽ നല്കിയിരിക്കുന്നു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കണം. അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് എനിക്ക് കർത്താവായ യേശുക്രിസ്തുവിലും അവന്റെ കുരിശിലുമല്ലാതെ പ്രശംസിപ്പാൻ ഇടവരരുത് എന്നാണ്. പാപിക്കും നിത്യമരണത്തിന് വിധിക്കപ്പെട്ടവർക്കും നിത്യസ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം തുറന്നു കൊടുത്ത കാൽവറിക്രൂശ് വിശ്വസിക്കുന്നവരുടെ പ്രശംസാവിഷയമാണ്. നമ്മുടെ പാപത്തിന്റെ ശിക്ഷാവിധിക്കായി മരിക്കയും നമ്മുടെ നീതീകരണത്തിനായി മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്ത കർത്താവ് ഇതാ വേഗം വരുന്നു. അവന്റെ ശ്രേഷ്ഠനാമം ഇന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

(വേദപുസ്തക വനിതകൾ അടുത്ത ലക്കത്തിൽ തുടരുന്നതാണ്)

●

# "എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ.41:1)

**മേരി അഞ്ചൻ, തുംകൂർ**

ഒരു ദരിദ്രബാലൻ വിദ്യാഭ്യാസത്തിനു പണമില്ലാതെ, വീടുകൾതോറും സാമാനങ്ങൾ കൊണ്ടു നടന്ന് വിറ്റ് ഫീസിനുള്ള പണം ഉണ്ടാക്കിയിരുന്നു. ഒരിക്കൽ അവൻ ക്ഷീണിതനും, പരവശനുമായി ഒരു വീട്ടുവാതില്ക്കൽ മുട്ടി ഒരു കപ്പു വെള്ളത്തിനായി യാചിച്ചു. മദ്ധ്യവയസ്കയായിരുന്ന ആ വീട്ടമ്മ ആ ബാലന്റെ ദയനീയാവസ്ഥ കണ്ട് മനസ്സലിഞ്ഞ് ഒരു കപ്പു പാൽ നല്കി. പറഞ്ഞു തീരാത്ത കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ഹവാർഡ് കെല്ലി (Howard Kelly) എന്ന ആ ബാലൻ അവിടെ നിന്നും പോയി.

അനേകവർഷങ്ങൾക്കുശേഷം ആ വീട്ടമ്മ കഠിനരോഗബാധിതയായി ആസ്പത്രിയിൽ പ്രവേശിക്കപ്പെട്ടു. സുപ്രസിദ്ധനായ ഒരു ഡോക്ടറാണ് അവളെ പരിശോധിച്ചത്. അദ്ദേഹം അവളുടെ രോഗവിവരങ്ങളടങ്ങിയ ചാർട്ട് (chart) നോക്കിയപ്പോൾ, ചില ഭൂതകാല സ്മരണകൾ അദ്ദേഹത്തിന്റെ മനോമുകുരത്തിൽ ഉദിച്ചുയർന്നു. അവൾക്ക് പ്രത്യേക പരിചരണം നല്കുവാൻ നേഴ്സുമാർക്ക് വേണ്ടുന്ന ഉപദേശങ്ങൾ നല്കി. തീവ്രപരിചരണങ്ങൾക്കു ശേഷം ആ സ്ത്രീ ചില ദിവസങ്ങളോളം ആസ്പത്രിയിൽ കിടന്നു; സൗഖ്യം പ്രാപിച്ചപ്പോൾ, തനിക്കു കൊടുത്തു തീർക്കുവാൻ കഴിവില്ലാത്ത ഒരു വലിയ ബിൽ പ്രതീക്ഷിച്ച് ആകുലയായി. തയ്യാറാക്കിയ ബിൽ ഡോക്ടർ തന്നെ വാങ്ങിച്ച് "ഒരു കപ്പു പാൽ കൊണ്ട് കടം മുഴുവൻ വീട്ടിയിരിക്കുന്നു" എന്നെഴുതി തന്റെ സ്വന്ത കൈപ്പടയിൽ ഡോ. ഹവാർഡ് കെല്ലി എന്ന ഒപ്പും വച്ചു. (Paid all dues with one cup of milk) അവൾ ആ ബില്ലിലേക്കു സൂക്ഷിച്ചു നോക്കി തന്റെ കണ്ണുകളെയും, ചിന്തകളെയും പോലും വിശ്വസിക്കാനാവാതെ നിർന്നിമേഷയായി ഇരുന്നുപോയി. നമ്മുടെ ഒരു ചെറിയ സഹായത്താൽ ഒരാളിന്റെ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കാൻ കഴിയും എന്നുള്ളത് പലപ്പോഴും നാം ചിന്തിക്കാറില്ല.

അനേകർക്കും പണം ഒരു "ശാപ"മായി ശേഷിക്കുന്നു. സാധുക്കൾക്ക് കൊടുക്കാൻ മടിക്കുന്നവർ അനവധിയാണ്. ഇവറ്റകൾക്ക് വല്ലയിടത്തും പോയി ജോലി ചെയ്യരുതോ എന്നു ചിന്തിക്കുന്നു. തിരുവചനത്തിൽ എളിയവരെയും നിർദ്ധനരെയും സഹായിക്കുക എന്നത് യിസ്രായേൽ മക്കൾക്കും, വിശ്വാസികൾക്കും ഒരു കല്പനയാണ്. ന്യായപ്രമാണകാലത്ത്, "വിളവ് എടുക്കുമ്പോൾ വയലിന്റെ അതിരുതീർത്തു കൊയ്യരുതു; കാലാപെറുക്കുകയും അരുതു; അതു ദരിദ്രനും പരദേശിക്കും വിട്ടേക്കണം;" എന്ന് സ്പഷ്ടമായി ഉല്ലേഖനം ചെയ്തിരിക്കുന്നു. (ലേവ്യ. 23:22) മോവാബ്യ സ്ത്രീ ആയിരുന്ന രൂത്ത് ബോവസിന്റെ വയലിൽ കറ്റകളുടെ ഇടയിൽ വീണു കിടന്ന യവം പെറുക്കുവാൻ പോയപ്പോൾ ബോവസ് ഭൃത്യരോടു കല്പിച്ചത് സ്മരണാർഹമാണ്. "പെറുക്കേണ്ടതിന് അവൾക്കായിട്ട് കറ്റകളിൽ നിന്ന്

വലിച്ചിട്ടേക്കണം" (രൂത്ത് 2:16) എളിയവരോടും, ദരിദ്രരോടും നാം എങ്ങനെ വർത്തിക്കേണമെന്ന് തിരുവചനം കല്പിച്ചിരിക്കുന്നു. (ഉദാ:- സങ്കീ. 41:1, സദൃശവാക്യങ്ങൾ 14:21,31; 21:13; 28:27 മുതലായവ നോക്കുക) സദൃ.വാ. 31-ാം അദ്ധ്യായത്തിലെ വിവേകവതിയായ സ്ത്രീയെക്കുറിച്ച് പരാമർശിക്കുമ്പോൾ "അവൾ തന്റെ കൈ എളിയവർക്കു തുറക്കുന്നു; ദരിദ്രന്മാരുടെ അടുക്കലേക്കു കൈനീട്ടുന്നു" എന്നു കാണുന്നു (31:20)

ദരിദ്രരെ ഓർത്തു കൊള്ളണം, അവരെ സഹായിക്കണം എന്നുള്ളത് വിശ്വാസികളായ നമ്മുടെ ചുമതലയാണ്. കേരളീയവനിതകൾ അതിഥിസൽക്കാരത്തിന് മുമ്പന്തിയിലാണ്. തങ്ങളോട് ഒപ്പമുള്ളവരോ, ഉയർന്നവരോ സന്ദർശിക്കുമ്പോൾ വിഭവസമൃദ്ധമായ ഭക്ഷണം നല്കി സത്ക്കരിക്കുന്നത് പതിവാണ്. എന്നാൽ നമ്മുടെ വീട്ടുവാതില്ക്കൽ സഹായാഭ്യർത്ഥനയുമായി വരുന്നവരോട് നാം എങ്ങനെയാണ് പെരുമാറുന്നത്? ഇക്കാലത്ത് "ചില്ലറ തുട്ടുകൾ" വിരളം. ഒരു രൂപയ്ക്കും വിലയില്ലാത്ത കാലം! എന്നാൽ ദരിദ്രർക്കു കൊടുക്കുമ്പോൾ ഒരു രൂപയും വലുതായിതോന്നും! സഹോദരിമാർ തുണിക്കടകളിൽ കയറിയാൽ ചിലപ്പോൾ ആയിരം രൂപയും ചെറിയതുകയായിരിക്കും! നാം നമ്മുടെ ദശാംശം പതിവായി ഏതെങ്കിലും ഫണ്ടിന് അയച്ചു തൃപ്തി പ്രാപിക്കുന്നത് ശരിയല്ല. ഫണ്ടുകൾ ആർക്കെങ്കിലും കൊടുത്തു കൊള്ളട്ടെ. നമുക്ക് അതിനൊന്നും മെനക്കെടാൻ സമയമില്ല. മറ്റുചിലർ വിശ്വാസികളെ മാത്രമേ സഹായിക്കാൻ പാടുള്ളൂ എന്നു വിശ്വസിക്കുന്നു. "വഴിയേ വരുന്ന, ദൈവമില്ലാത്തവനെയൊക്കെ സഹായിച്ചാൽ നമുക്ക് എന്തു പ്രയോജനം?" എന്നാൽ ദരിദ്രരെ സഹായിക്കണമെന്ന് തിരുവചനം ശക്തമായ ഭാഷയിൽ ഉൽബോധിപ്പിക്കുന്നു. കർത്താവു തന്റെ ഇഹലോകശുശ്രൂഷയിൽ എത്ര ക്രിസ്ത്യാനികളെയാണ് സഹായിച്ചിട്ടുള്ളത്? "അതിഥിസൽക്കാരം മറക്കരുത്. അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സത്ക്കരിച്ചിട്ടുണ്ടല്ലോ" (എബ്രാ. 13:2)

ദൈവകൃപയാൽ നമുക്കു ലഭിച്ചിട്ടുള്ള നന്മകളിൽ നിന്നും എളിയവരെയും, നിസ്സഹായരേയും സഹായിക്കുക എന്നത് നമ്മുടെ കടമ മാത്രമാണ്. നാം പാപികളും അഭക്തരും, ദൈവമില്ലാത്തവരുമായിരുന്ന സ്ഥിതിയിൽ നിന്ന് നമ്മെ വീണ്ടെടുത്തിരിക്കുന്നത് ദൈവപുത്രനായ യേശുകർത്താവ് തന്റെ അവസാന തുള്ളി രക്തം വരെയും നല്കി തന്റെ ജീവനെ ബലികഴിച്ചാണ്. നമ്മുടെ കർത്താവു സമ്പന്നൻ ആയിരുന്നിട്ടും, ദരിദ്രരായ നമ്മെ സമ്പന്നരാക്കുവാൻ ദരിദ്രനായിത്തീർന്നു (2 കൊരി. 8:9)

കർത്താവു മനസ്സലിവുള്ളവൻ ആകുന്നതുപോലെ നാമും മനസ്സലിവുള്ളവരാകാൻ അവൻ കൃപചെയ്യട്ടെ. അവന്റെ സന്നിധിയിൽ നമ്മെ താഴ്ത്തി, അവന്റെ ഇഷ്ടം നിർവഹിക്കുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

●

# കഫർന്നഹൂമിലെ ഒരു മാതൃകാഭവനം

എൽസി ബേബി, ന്യൂ യോർക്ക്

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ പല ഭവനങ്ങളും സന്ദർശിച്ചതായി നാം കാണുന്നു. ആ ഭവനങ്ങളിലൊക്കെ എന്തെങ്കിലും വിശേഷങ്ങളോ അത്ഭുതങ്ങളോ സംഭവിച്ചതായും രേഖപ്പെടുത്തിട്ടുണ്ടല്ലോ? മാർത്തയുടേയും മറിയയുടേയും ഭവനം, സക്കായിയുടെ ഭവനം, ശിമോന്റെ ഭവനം, പത്രൊസിന്റെ അമ്മാവിയമ്മയുടെ ഭവനം! പരീശപ്രമാണിയുടെ ഭവനം, പള്ളിപ്രമാണിയായ യായിറോസിന്റെ ഭവനം! ഇങ്ങനെ ഓരോ ഭവനങ്ങളിലുമുള്ളവരുടെ പേരും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യേശു കഫർന്നഹൂമിലെ ഒരു ഭവനത്തിൽ പ്രവേശിച്ച് അവിടെ ഇരുന്നു ചില കാര്യങ്ങൾ പ്രവർത്തിച്ചത് മർക്കോസ് 2-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു നമ്മുടെയൊക്കെ ഭവനങ്ങളെ ഒന്നു താരതമ്യപ്പെടുത്തുവാൻ യോഗ്യമായ ഒന്നായതുകൊണ്ട് നമുക്കതൊന്നു പഠിക്കാം.

**കഫർന്നഹൂമിലെ ഒരു വീട്!** ആരുടേതാണെന്നു പറഞ്ഞിട്ടില്ല. യേശുവിന് സ്വാതന്ത്ര്യമായി കടന്നു ചെല്ലാവുന്ന ഒരു ഭവനമായിരുന്നു അത്. സാധാരണചെല്ലാറുള്ള ഭവനമായതുകൊണ്ടാണല്ലോ ഉടനെ വാതില്ക്കൽ പോലും ഇടമില്ലാത്തവണ്ണം ആളുകൾ അവിടെ തടിച്ചുകൂടിയത്. യേശു വസിക്കുന്ന ഭവനം ചുറ്റുപാടുമുള്ളവർക്കു മാതൃകയായിരിക്കും. അവിടെ മറ്റുള്ളവർക്കും പ്രവേശനം കാണും. വാതിലടച്ചുപൂട്ടി അലങ്കരിച്ചിട്ടിരിക്കുന്ന വീട്ടിൽ വിശിഷ്ട അതിഥികൾക്കല്ലാതെ പ്രവേശനം ഇല്ല എന്നമട്ടിൽ സൂക്ഷിച്ചിരിക്കുന്ന എത്രഎത്ര ഭവനങ്ങളാണ് നമ്മുടെ ഇടയിലുള്ളത്. വിലപിടിപ്പുള്ള കൊട്ടാരസമാനമായ വീടുകൾ! എല്ലാവിധ സുഖസൗകര്യങ്ങളും, ആഡംബരങ്ങളുമൊക്കെയുണ്ട്. പക്ഷെ യേശു പുറത്തായിരിക്കും; ദൈവമക്കൾക്കു പ്രവേശനം കാണുകയില്ല. അപ്പോയ്ന്റ്മെന്റില്ലാതെ അവിടേക്കാരും ചെന്നേക്കരുത്. അങ്ങനെയുള്ള ഭവനമാകുന്നുവോ നമ്മുടെയൊക്കെ ഭവനങ്ങൾ? യേശുവസിക്കുന്ന ഭവനത്തിൽ എപ്പോഴും ആളുകൾ കാണും.

**യേശു അവരോടു തിരുവചനം പ്രസ്താവിച്ചു** (V2) യേശുവുള്ള ഭവനത്തിൽ തിരുവചനപഠനം കാണും. യേശുവിന്റെ തിരുവായ്മൊഴികൾ കേൾപ്പാനായി ആളുകൾ തടിച്ചു കൂടിയിരിക്കയാണ്. നമ്മുടെയൊക്കെ ഭവനങ്ങളിൽ ഇന്ന് തിരുവചനപഠനം നടക്കുന്നുണ്ടോ? രാവിലേയും വൈകിട്ടുമുള്ള കുടുംബ പ്രാർത്ഥനയുണ്ടോ? ബൈബിൾ ക്ലാസുകളും, പ്രാർത്ഥനാമീറ്റിംഗുകളും നടക്കുന്നുണ്ടോ? എവിടെ സമയം?

കുടുംബാംഗങ്ങൾ മിക്കവാറും പുറത്ത്. മക്കൾ അവരവരുടെ മുറികളിൽ ടി.വിയിലും, കമ്പ്യൂട്ടറിലും, ഇന്റർനെറ്റിലും, ഗെയിംസിലും മറ്റും ലയിച്ചു കഴിയുന്നു. മാതാപിതാക്കൾ കിട്ടുന്ന സമയം ടിവിയിലെ മൂവികളും സീരിയലും മറ്റും കണ്ടുകൊണ്ടിരിക്കുമ്പോൾ ആത്മിക വിഷയങ്ങൾക്ക് സമയം ലഭിക്കാറില്ല. പ്രിയമുള്ളവരെ നമ്മുടെയൊക്കെ ഭവനങ്ങളിൽ തിരുവചനപഠനത്തിനും ധ്യാനത്തിനും പ്രാർത്ഥനയ്ക്കും പ്രഥമ സ്ഥാനം നല്കുക. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്ന മാതാപിതാക്കളുടെ മാതൃകകൾ മക്കൾ അനുകരിക്കട്ടെ! മക്കൾക്കു തങ്ങളുടെ ഭവനങ്ങളിൽ നിന്നും ലഭിക്കുന്ന തിരുവചനാടിസ്ഥാനമായിരിക്കും അവരുടെ ഭാവിജീവിതാനുഗ്രഹങ്ങളുടെ ഉയർച്ച എന്നോർക്കുക. യേശുവുള്ള ഭവനത്തിൽ തിരുവചനപഠനമുണ്ടായിരിക്കും.

**അവിടെ വിശ്വാസവും പാപമോചനവും നടന്നു. (V4-5)**

വിശ്വാസികളായ നാലുപേർ ഒരു പക്ഷവാതരോഗിയെ യേശുവിന്റെ മുമ്പിലെത്തിച്ചത് വിവരിക്കേണ്ടതില്ലല്ലോ. തങ്ങളുടേതല്ലാത്ത ഒരന്യന്റെ വീടിന്റെ കൂരപൊളിക്കുക എന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ പ്രയാസമല്ലേ? ആ കുടംബനാഥൻ അവിടെ ഒരു വഴക്കും അടിച്ചില്ല. യാതൊരു ഗത്യന്തരവുമില്ലാഞ്ഞിട്ടാണ് അവരതു ചെയ്തത്. യേശു അവരോട് ഒന്നും ചോദിച്ചില്ല. അവരും അവിടെ ഒന്നും പറഞ്ഞതുമില്ല. പക്ഷെ, യേശു അവരുടെ വിശ്വാസം കണ്ടു. രോഗസൗഖ്യത്തിനായി പെടാപാടുപെട്ട് ധീരകൃത്യം ചെയ്ത് അവിടെ എത്തിയവരോട് യേശു പറഞ്ഞത്: “മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു” എന്നായിരുന്നു. പാപരോഗസൗഖ്യം പ്രാപിക്കേണ്ടതാണ് മനുഷ്യന്റെ പ്രഥമ ആവശ്യം. അതിനായിട്ടാണ് യേശു ഈ ലോകത്തിലേക്കവതരിച്ചത്. പാപികളെ രക്ഷിപ്പാൻ വന്ന ദൈവപുത്രൻ പാപങ്ങളെ മോചിപ്പാൻ ശക്തനാകുന്നുവെന്ന് അവിടെ കൂടിവന്നവർ അറിയണം. അതുകേട്ട ശാസ്ത്രിമാർക്കു മനസ്സിലായില്ല. അവർ ഹൃദയത്തിൽ ആ ചോദ്യം ചോദിച്ചു: “ദൈവം ഒരുവനല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ?” ശരിയാണ്. അവർ വിചാരിച്ചത് യേശു ഗ്രഹിച്ചു. “നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നതെന്ത്” എന്നു ചോദിച്ചപ്പോൾ അവർ ചൂളിപ്പോയി. യേശു ദൈവമാണെന്നും, ദൈവപുത്രനാകുന്നുവെന്നും വിശ്വസിക്കുവാൻ വേറെവല്ലതും വേണമായിരുന്നുവോ? പാപമാണ് സകല വേദനകൾക്കും രോഗങ്ങൾക്കും കാരണമെന്നും പാപമോചനം ലഭിച്ചാൽ മാത്രമേ രോഗസൗഖ്യവും ലഭിക്കുകയുള്ളൂ എന്ന് യേശു അവിടെ വെളിപ്പെടുത്തി. ക്രിസ്തു വസിക്കുന്ന ഭവനങ്ങളിൽ പാപമോചനവും മാനസാന്തരവും രോഗസൗഖ്യങ്ങളും ഉണ്ടാകും. നമ്മുടെയൊക്കെ ഭവനങ്ങളിൽ അതു നടക്കുന്നുണ്ടോ? ചിന്തിക്കുക. പരിശോധിക്കുക.

**കിടക്കയിൽ തളർന്നു കിടക്കുന്നവൻ കിടക്ക എടുത്തു നടന്നു (V:11)**

നാലാൾ കിടക്കയിൽ പൊക്കിയെടുത്തു കൊണ്ടുവന്നവനിതാ കിടക്ക എടുത്തു നടക്കുന്നു. യേശുവസിക്കുന്ന ഭവനങ്ങളിൽ അത്ഭുതങ്ങൾ നടക്കും. പാപരോഗസൗഖ്യം പ്രാപിച്ചാൽ മാത്രമേ രോഗസൗഖ്യവും ലഭിക്കുകയുള്ളൂ. അതുകൊണ്ട് എല്ലാ രോഗങ്ങളും സൗഖ്യമാകണമെന്നില്ല. തെറ്റിദ്ധരിക്കരുത്. മണ്ണോടുമണ്ണു ചേരേണ്ട ജഡശരീരം രോഗങ്ങൾക്കും ദ്രവത്വത്തിനും അധീനമായിരിക്കുന്നു. നമ്മിൽ വസിക്കുന്ന ആത്മാവ് പാപത്തിന്റെ ശമ്പളമാകുന്ന മരണത്തിനു വിധിയെഴുതപ്പെട്ടതാകയാൽ പാപരോഗത്തിൽ നിന്നും മോചനം വേണ്ടിയിരിക്കുന്നു. അതു നല്കുവാൻ യേശു കർത്താവിന ല്ലാതെ ആർക്കും സാദ്ധ്യമല്ല. കൃപയാലെ വിശ്വാസം മൂലം നാം അതു പ്രാപിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മർത്യശരീരം അമർത്യതയുള്ളതായി തീരും എന്ന പ്രത്യാശ പാപമോചനം ലഭിച്ചവർക്കുണ്ട്. അതുകൊണ്ടാണ് യേശു ആ മനുഷ്യനോടു നിന്റെ പാപം മോചിച്ചിരിക്കുന്നു എന്നു പറഞ്ഞത്. എന്നാൽ അവിടെ കൂടിവന്നവരുടെ സംശയം തീർക്കുവാനായി അവനെ സൗഖ്യമാക്കി. അതിൽ നിന്നും യേശു പാപമോചനത്തിനും രോഗസൗഖ്യ ത്തിന്നും മതിയായവനാകുന്നുവെന്ന് വെളിപ്പെട്ടല്ലോ!

**യേശുവസിക്കുന്ന ഭവനത്തിൽ വിസ്മയവും സ്തുതിസ്തോത്രങ്ങളും ഉണ്ടാകും (V:12).**

അവിടെ കൂടി വന്നവർ എല്ലാവരും വിസ്മയിച്ചു ദൈവത്തെ മഹത്ത്വപ്പെ ടുത്തി. നമ്മെ കാണുന്നവർ "ഇവർ ഒരത്ഭുതവിഷയമാകുന്നു" എന്നു പറയാ റുണ്ടോ? നമ്മുടെ ഭവനങ്ങളിൽ വിസ്മയകാര്യങ്ങൾ നടക്കുന്നുണ്ടോ? പ്രതിസ ന്ധികളിലും, പരിശോധനകളിലും രോഗദുഃഖാദികളിലും പതറാതെ ഉറച്ചു നില്ക്കുന്നതുകണ്ട് വിസ്മയിക്കാറുണ്ടോ? നമ്മുടെ ഭവനങ്ങളിൽ നിന്നും ദൈവം മഹത്ത്വം എടുക്കാറുണ്ടോ? സ്തുതിസ്തോത്രയാഗങ്ങൾ ഉയരുന്നുണ്ടോ? അതോ വഴക്കും, പിണക്കവും, അയോഗ്യങ്ങളായ ജീവിതവും, ജഡമോഹം, കണ്മോഹം, ജീവിതത്തിന്റെ പ്രതാപം ഇവയുടെ പ്രഭാവങ്ങളു മാകുന്നുവോ നമ്മുടെ ഭവനങ്ങളിലുള്ളത്. പരിശോധിക്കുക. ക്രിസ്തുവസി ക്കുന്ന ഭവനത്തിൽ തിരുവചനപഠനം, പ്രാർത്ഥന, ആരാധന, സ്തുതി സ്തോത്ര യാഗങ്ങൾ, സന്തോഷം, കൂട്ടായ്മ, അതിഥിസത്ക്കാരം, സുവിശേഷ ഘോഷണം, സത്പ്രവൃത്തികൾ, ദാനധർമ്മങ്ങൾ എല്ലാം ഉണ്ടാകും. അങ്ങനെയുള്ള ഭവനങ്ങൾ പണിയാം. കർത്താവു കൃപ ചെയ്യട്ടെ!

# പേർ വിളിക്കുമ്പോൾ കാണുമോ?
## (പണപ്പിരിവ്)

അന്നമ്മ സി. ജോൺ, തിരുവനന്തപുരം

കർത്താവിന്റെ വേല പണപ്പിരിവിന്റെ വേലയല്ല. പണപ്പിരിവിനായി ഉപദേശകന്മാർ പ്രവർത്തിക്കരുത്. ജീവിക്കുവാൻ പണം വേണം. അത് ദൈവം തരും. വിളിച്ച ദൈവം വിശ്വസ്തൻ തന്നെയാണ്. അത് മറന്നുപോയി ജീവസന്ധാരണത്തിനും ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള ശ്രമം നടത്താതിരിക്കുക. ഒന്നും പ്രതീക്ഷിക്കാതെ ദൈവത്തിന് വേണ്ടി പ്രവർത്തിക്കുക.

ചിലർ ക്രിസ്തീയ ഓഫീസുകളിൽ ജോലിക്ക് പോകും. എന്നിട്ട് പണം പിണങ്ങി ജോലി സ്വീകരിക്കാതെ പോകും. സഹോദരങ്ങളേ, പണമല്ല ദൈവത്തിന്റെ വേലയാണ് വലിയ കാര്യം. അടുത്ത വീട്ടുകാരന് കാറുണ്ടോ എന്നാൽ എനിക്ക് അതിനേക്കാൾ കൂടിയ കാറ് വേണം എന്നുള്ള മനോഭാവം അരുത്. നമുക്കു ദൈവം തരുന്നതനുസരിച്ച് നാം ജീവിക്കുക. അതാണ് നമ്മെക്കുറിച്ച് ദൈവേഷ്ടം. ദൈവേഷ്ടം പ്രവർത്തിക്കുക. പേർ വിളിക്കുമ്പോൾ പണമോഹികളുടെ പേർ വിളിക്കുമോ? പേർ വിളിക്കുമ്പോൾ നിങ്ങളുടെ പേർ ജീവപുസ്തകത്തിൽ കാണുമോ? പണമുള്ള രാജ്യത്ത് പോയി അല്ല സുവിശേഷവേല ചെയ്യേണ്ടത്. സാധുക്കളുടെ ഇടയിൽ വേല ചെയ്യണം. പ്രതിഫലവുമായി കർത്താവ് വരും. അവനവൻ ചെയ്യുന്നത് നല്ലതാകിലും, തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കും.

പണക്കൊതി മനുഷ്യനെ വിദേശരാജ്യങ്ങളിലേക്ക് പോകുവാൻ നിർബന്ധിക്കുന്നു. ക്രിസ്തീയ രാജ്യങ്ങളായ അമേരിക്ക, ആസ്ട്രേലിയ, കാനഡാ തുടങ്ങിയ രാജ്യങ്ങളിൽ പണപ്പിരിവ് നടത്തി വലിയ തുകയുമായി ഇന്ത്യയിൽ എത്തി ഇന്ത്യാക്കാരെ കബളിപ്പിച്ച് ജീവിക്കുന്ന ഉപദേശിമാർ സൂക്ഷിക്കുക. താങ്കളുടെ പണം താങ്കളോടൊപ്പം നശിച്ചുപോകും. അതേ സമയത്തു തന്നെ സുവിശേഷം അറിയാത്ത അറബിരാജ്യങ്ങളിൽ സുവിശേഷം അറിയിക്കാറുണ്ടോ? പണം ഉള്ള രാജ്യങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അല്ല ദൈവം നമ്മെ തിരഞ്ഞെടുത്തത്. “എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്ക കൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു”

(യെശയ്യാവ് 61:1). ഈ സുവിശേഷം അറിയിക്കാനാണ് നമ്മെ ദൈവം വിളിച്ചിരിക്കുന്നത്; പണം ഉണ്ടാക്കുവാൻ അല്ല. അദ്ധ്വാനിച്ചു വേണം പണം ഉണ്ടാക്കേണ്ടത്. പണത്തിന് വേണ്ടി ഏത് കിരാതമാർഗ്ഗവും സ്വീകരിക്കരുത്. ഈയിടയിൽ കേട്ടു  മകൾക്ക് കൊടുക്കാൻ അപ്പനും അമ്മയും അയച്ച ഒരു ലക്ഷം രൂപയും കൊണ്ട് ഒരു ഉപദേശി അമേരിക്കയിലേക്ക് കടന്നുകളഞ്ഞു വെന്ന്. ന്യായവിധി ദിവസത്തിൽ ഒരു ലക്ഷം രൂപയ്ക്ക് എന്ത് വിലയുണ്ടെന്ന് അറിയാം. നീതിയുള്ള ന്യായാധിപൻ ഭരണമേല്ക്കും. ഇന്ന് അനീതിക്ക് കൂട്ട് നില്ക്കാൻ ആൾക്കാർ ഉണ്ട്. ആ നീതിമാന്റെ ഭരണകാലത്ത് ഇന്ന് അനീതി ചെയ്ത് ജീവിക്കുന്ന പലരും നരക തീപൊയ്കയിൽ യാതന അനുഭവിക്കു മ്പോൾ നീതിമാനു സന്തോഷിക്കാം. താമസംവിനാ ആ നീതിയുള്ള ഭരണകൂടം വരും. ഇന്ന് ഭരണകൂടത്തിന് വേണ്ടി അടിപിടി, കസേര അടി ഇതൊക്കെ നടക്കും. നീതിമാന്റെ ഭരണകാലത്ത് ഇന്ന് കസേരയ്ക്ക് അടിക്കുന്നവർക്ക് ഇരിക്കാൻ കസേര ഇല്ലെന്ന് വരും. അതുകൊണ്ട് നീതിയോടെ ഭരിക്കുക. നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നുവെങ്കിൽ അഭക്തന്റെയും പാപിയുടേയും നില എന്താകും. കർത്താവായ യേശുവിൽ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും. രക്ഷിക്കപ്പെട്ട ഒരു ഭരണകൂടത്തെ വാർത്തെടുക്കുക. വിശ്വാസി അത് അനുസരിച്ച് ജീവിക്കുക. അവിശ്വാസിയുടെ നിലയെപ്പറ്റി ചിന്ത ഉണ്ടോ? ഇല്ലാത്തവർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുക. കർത്താവായ യേശുക്രിസ്തു ഭൂലോകത്തിന്റെ ഉടമ ആയിട്ടും കാലിത്തൊഴി ത്തിൽ കാറ്റുശീതം ഏറ്റു മനുഷ്യന്റെ കഷ്ടത തീർക്കുവാൻ. അരക്കാശിനു മുതലും, തലചായ്പ്പാൻ ഇടവും കർത്താവിന് ഇല്ലായിരുന്നു. എന്നാലും കർത്താവ് ഭൂലോകത്തിന്റെ ഉടമയായിരുന്നു. ആ കർത്താവിനെ നമുക്ക് മാതൃകയാക്കാം. പേർ വിളിക്കുമ്പോൾ നമ്മുടെ പേർ കാണുമോ എന്ന് ചിന്തിക്കുക. കർത്താവ് സഹായിക്കട്ടെ.

***********

# നമ്മുടെ ജനാധിപത്യം

ഇവാ. ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇന്ത്യയെപ്പോലെ ജാതി, മത, വർഗ്ഗ, ഭാഷാ, സംസ്കാര വ്യത്യാസങ്ങളുള്ള മറ്റൊരു രാജ്യം ഭൂമിയിലില്ല. ഇങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ നമ്മുടെ രാജ്യത്ത് നിലവിലുണ്ടെങ്കിലും എല്ലാ ഇന്ത്യക്കാരും ഒറ്റക്കെട്ടാണെന്ന ബോധത്തിനാണ് നാനാത്വത്തിൽ ഏകത്വം എന്ന് പറയുന്നത്. ഇത്രയധികം വൈരുദ്ധ്യങ്ങൾ ഉണ്ടായിട്ടും നമ്മുടെ രാജ്യം ഒരു ജനാധിപത്യരാജ്യമായി തുടരുന്നത് ഒരു ലോകാത്ഭുതമാണ്.

എന്താണ് ജനാധിപത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? ഒറ്റവാക്കിൽ പറഞ്ഞാൽ ജനങ്ങളുടെ ആധിപത്യമാണ് ജനാധിപത്യം. ജനപ്രതിനിധികളിലൂടെ രാജ്യത്തിന്റെ ഭരണം നടത്തുന്ന സമ്പ്രദായമാണ് ജനാധിപത്യം.

ജനാധിപത്യത്തിന് ഒട്ടേറെ സവിശേഷ മൂല്യങ്ങളുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം.
- മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു.
- സാമൂഹ്യനീതി ഉറപ്പ് വരുത്തുന്നു.
- നീതിന്യായ വ്യവസ്ഥയുടെ സ്വാതന്ത്ര്യം.
- എല്ലാ പൗരന്മാർക്കും അവസരം ലഭിക്കുക.
- എല്ലാവരും ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നു.
- സ്വതന്ത്രമായി അഭിപ്രായപ്രകടനം നടത്തുന്നു.
- മറ്റുള്ളവരുടെ അഭിപ്രായത്തെ മാനിക്കുന്നു.
- ഭൂരിപക്ഷാഭിപ്രായത്തെ അംഗീകരിക്കുന്നു
- ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

ജനാധിപത്യത്തെ പ്രത്യക്ഷ ജനാധിപത്യമെന്നും പ്രാതിനിധ്യ ജനാധിപത്യമെന്നും തരംതിരിക്കാം. ഒരു പ്രദേശത്തെ ജനങ്ങൾ മുഴുവൻ ഒന്നിച്ചു കൂടി തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുന്ന സമ്പ്രദായമാണ് പ്രത്യക്ഷ ജനാധിപത്യം. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഇതൊട്ടും പ്രായോഗികമല്ല. എന്നാൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഒരു പരിധിവരെ ഈ ഭരണസമ്പ്രദായം നടപ്പാക്കാൻ കഴിയുന്നുണ്ട്. ഇന്ന് ലോകത്തിലെ മിക്ക രാജ്യങ്ങളിലും നിലവിലിരിക്കുന്ന ജനാധിപത്യരീതി പ്രാതിനിധ്യജനാധിപത്യമാണ്.

പ്രാതിനിധ്യ ജനാധിപത്യവ്യവസ്ഥയുടെ ഭാഗമാണ് രാഷ്ട്രീയ പാർട്ടികളും പ്രായപൂർത്തിവോട്ടവകാശവും, തിരഞ്ഞെടുപ്പുമെല്ലാം. രാഷ്ട്രീയ പാർട്ടികളുടെ നിലനില്പിന്റെ അടിസ്ഥാനത്തിൽ പാർട്ടിസമ്പ്രദായത്തെ ഏകകക്ഷി സമ്പ്രദായമെന്നും (ഉദാ: ചൈനയിലെ കമ്യൂണിസ്റ്റ് ഭരണം) ദ്വികക്ഷി സമ്പ്രദായമെന്നും സർവ്വകക്ഷി സമ്പ്രദായമെന്നും തരം തിരിക്കാവുന്നതാണ്. ഇന്ത്യ ബഹുകക്ഷി സമ്പ്രദായം നിലനില്ക്കുന്ന ഒരു രാജ്യമാണ്.

രാഷ്ട്രീയ പാർട്ടികളുടെ മുഖ്യലക്ഷ്യം ഭരണാധികാരം നേടുക എന്നതാണെങ്കിലും അവർക്ക് മറ്റ് പലതരം ചുമതലകൾ വഹിക്കുവാനുണ്ട്. അവയിൽ ചിലത് താഴെകൊടുത്തിരിക്കുന്നു.

1. ഭരണനേതൃത്വം വഹിക്കുക.
2. ആശയ പ്രചരണം നടത്തുക.
3. നയ രൂപീകരണം നടത്തുക.
4. ക്രിയാത്മക ഭരണപക്ഷമായും പ്രതിപക്ഷമായും പ്രവർത്തിക്കുക.
5. പൊതുജനാഭിപ്രായം രൂപീകരിക്കുക.
6. ജനങ്ങളുടെ അവകാശസംരക്ഷണത്തിനായി പ്രവർത്തിക്കുക.
7. ജനങ്ങളിൽ രാഷ്ട്രീയ ബോധവത്ക്കരണം നടത്തുക.
8. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഗവൺമെന്റിന് പൂർണ്ണ പിന്തുണ നല്കുക.
9. ജനദ്രോഹ നടപടികളെ തുറന്നെതിർക്കുക.

ജനാധിപത്യ വ്യവസ്ഥയുടെ വിജയകരമായ നടത്തിപ്പിന് വളരെ പ്രധാനപ്പെട്ട ചില സാഹചര്യങ്ങൾ കൂടിയേ കഴിയൂ. ഉയർന്ന സാക്ഷരതയും സാമൂഹ്യനീതിബോധവും ജനാധിപത്യത്തിന്റെ വിജയത്തിന് അത്യാവശ്യമാണ്. പൗരബോധമുള്ള ജനതയ്ക്കേ ജനാധിപത്യം ബാധകമാകുകയുള്ളൂ. നമ്മുടെ പൗരൻമാർക്ക് സഹിഷ്ണുതയും സാഹോദര്യവും അത്യാവശ്യം ഉണ്ടായിരിക്കണം. സ്വാതന്ത്ര്യവും നീതിപൂർവ്വവുമായിട്ടുള്ള തിരഞ്ഞെടുപ്പ് സമ്പ്രദായം നിലവുണ്ടായിരിക്കണം. പ്രതിപക്ഷബഹുമാനം ജനാധിപത്യത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. ശക്തവും ഉത്തരവാദിത്വമുള്ളതുമായ പ്രതിപക്ഷം ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ഇതിലെല്ലാമുപരി സ്വതന്ത്ര്യവും നിഷ്പക്ഷവുമായ നീതിന്യായവ്യവസ്ഥ ഉണ്ടായിരിക്കണം. എന്നാൽ അടിസ്ഥാനപരമായി ജനാധിപത്യ ആശയങ്ങൾ ജീവിതമൂല്യങ്ങളായി സ്വീകരിച്ചിട്ടുള്ള ഒരു ജനസമൂഹത്തിൽ മാത്രമേ ജനാധിപത്യം വേണ്ടതുപോലെ വളർച്ച പ്രാപിക്കുകയുള്ളൂ.

ഉത്തരവാദിത്വമുള്ള ഇന്ത്യൻ പൗരൻമാർ എന്ന നിലയ്ക്ക് വിശ്വാസികളായ നമ്മൾ ജനാധിപത്യത്തിന്റെ ആശയങ്ങൾ നമ്മുടെ ജീവിതത്തിലും പ്രായോഗിമാക്കേണ്ടതാണ്. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ജനാധിപത്യആശയങ്ങൾ പ്രസക്തമാണ്. കൂട്ടുവിശ്വാസിയോട് ഇടപെടുമ്പോൾ

മാത്രമല്ല, പുറത്തുള്ള മറ്റു വ്യക്തികളോടുള്ള നമ്മുടെ ഇടപാടുകളിലും ജനാധിപത്യത്തിന്റെ തത്ത്വങ്ങൾ പാലിക്കണം. കുടുംബജീവിതം വിജയകമായിത്തീരാനും ജനാധിപത്യആശയങ്ങൾ സ്വീകരിക്കേണ്ടതാണ്. ഉദാഹരണത്തിന് മക്കളുടെ വിവാഹം, ഭൂമിവില്പന, വീട് പണി തുടങ്ങി പ്രഭാതഭക്ഷണം ഏത് എന്ന വിഷയത്തിൽ പോലും കുടുംബത്തിൽ ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതാണ്. ചർച്ച ചെയ്ത് ഭൂരിപക്ഷാഭിപ്രായത്തെ മാനിച്ചുകൊണ്ട് തീരുമാനമെടുക്കുക എന്നത് ജനാധിപത്യത്തിന്റെ ആശയമാണ്.

നമ്മുടെ ആത്മീയ ശുശ്രൂഷകർ പരിശുദ്ധാത്മാവിന്റെ നിയന്ത്രണങ്ങൾക്ക് വിധേയപ്പെടേണ്ടതുണ്ട്. എന്നാൽ നമ്മുടെ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടേയും പ്രവർത്തനങ്ങളിൽ ജനാധിപത്യ ആശയങ്ങളും സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ പ്രസ്ഥാനങ്ങളിലും സംഘടനകളിലും ഇന്നു കാണുന്ന ഏകാധിപത്യ പ്രവണതകൾ തടഞ്ഞേ പറ്റൂ. വ്യക്തികൾ നടത്തുന്ന സ്വകാര്യസഭകളും, ബൈബിൾ സ്ക്കൂളുകളും മറ്റും ക്രമേണ ആത്മീയ ദർശനമില്ലാത്ത തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. സ്വന്തമായി അദ്ധ്വാനിച്ചുണ്ടാക്കുന്ന കാശുകൊണ്ട് സ്വകാര്യസ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിൽ തെറ്റില്ല. എന്നാൽ ദൈവമക്കളിൽ നിന്ന് പിരിച്ചെടുത്ത പണം കൊണ്ട് കുടുംബട്രസ്റ്റുണ്ടാക്കി ഏകാധിപത്യ രീതിയിൽ സ്ഥാപനങ്ങൾ നടത്തുന്നത് അനുവദിക്കരുത്. ജനാധിപത്യആശയങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത ഒരു സ്ഥാപനത്തിനും ദൈവമക്കൾ സാമ്പത്തിക സഹായം നല്കരുത്.

നമ്മുടെ പ്രസ്ഥാനങ്ങളിൽ ഇന്നു കാണുന്ന പിളർപ്പും, കാലുവാരലും, പൊട്ടിത്തെറിക്കുമെല്ലാം പ്രധാന കാരണം ദൈവഭയമില്ലാത്തതാണ്. ദൈവത്തേയും ഭയമില്ല, മനുഷ്യനെ ശങ്കയുമില്ലെങ്കിൽ (മനുഷ്യനന്മക്കായി മനുഷ്യൻ കണ്ടുപിടിച്ച ജനാധിപത്യത്തിൽ വിശ്വാസമില്ലെങ്കിൽ) സമ്പൂർണ്ണ നാശമാണ് നമ്മെ കാത്തിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഭരണത്തിനു വിധേയപ്പെട്ട് ദൈവഭയത്തോടെ, വിനയത്തോടെ മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരെന്നെണ്ണി തിരുവചന കല്പനകൾ പാലിച്ചുകൊണ്ട് വേർപെട്ട സമൂഹമെന്ന നിലയിൽ നമുക്ക് മുന്നേറാം. നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ദൈവഭയത്തോടൊപ്പം ജനാധിപത്യ ആശയങ്ങളും പ്രാവർത്തികമാകട്ടെ എന്ന് പ്രതീക്ഷിക്കാം.

(അടുത്ത ലക്കത്തിൽ : നമ്മുടെ ഗവൺമെന്റ്, ഇവാ. ജോസഫ് ഇടക്കാട്ടിൽ തുടരുന്നു...)

***************

# "പത്രൊസേ, നീ പാറയാകുന്നു"

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

സാധാരണ കേൾക്കുന്ന ഒരു പ്രസ്താവനയാണ്, 'അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും' എന്നത്. അതുപോലെ പ്രചുരപ്രചാര മാർജ്ജിച്ച മറ്റൊരു പ്രസ്താവനയാണ് യേശുക്രിസ്തു പത്രൊസിനോടു പറഞ്ഞു എന്ന് അവകാശപ്പെടുന്ന, 'പത്രൊസേ നീ പാറയാകുന്നു' എന്നുള്ളത്. ആദ്യത്തെ പ്രസ്താവന പോലെതന്നെ ഈ രണ്ടാമത്തെ പ്രസ്താവനയും നമ്മുടെ കർത്താവിന്റെ പത്രൊസുമായി മത്തായി 16–ൽ കാണുന്ന സംഭാഷണത്തിന്റെ വികലമായ പുനരാവിഷ്കരണമാണ്. മത്തായി സുവിശേഷം 16:18–ൽ കർത്താവു പത്രൊസിനോടു പറഞ്ഞത് ഇപ്രകാരമാണ്:

"നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും." സത്യം അതായിരിക്കെ സത്യത്തെ കോട്ടിക്കളയുന്ന ദുരുപദേഷ്ടാക്കൾ ഈ വാക്യത്തെ വ്യാഖ്യാനിച്ച് പത്രൊസിനെ പാറയാക്കി, ആ പാറമേൽ (അതായത് പത്രൊസിന്മേൽ) കർത്താവു തന്റെ സഭ പണിയുമെന്നും ആക്കി. അഥവാ, പത്രൊസ് എന്ന അടിസ്ഥാനത്തിലാണു ക്രൈസ്തവസഭ പണിതിരിക്കുന്നത് എന്നു വരുത്തിത്തീർത്തു. ഈ സംഭാഷണത്തിൽ നമ്മുടെ സവിശേഷശ്രദ്ധയർഹിക്കുന്ന ചില പദങ്ങളുണ്ട്. അവയിൽ ഒന്നാമത്തേത് പത്രൊസ് (Peter) എന്ന വാക്കാണ്. ഗ്രീക്കുഭാഷയിൽ ഇവിടെ *പെട്രോസ്* എന്നാണു ഉപയോഗിച്ചിരിക്കുന്നത്. *പെട്രോസ്* എന്നാൽ "ഒരു കല്ല്" (a stone) എന്നർത്ഥം. ഈ വാക്യം യോഹന്നാൻ ഒന്നിന്റെ നാല്പത്തിരണ്ടിനോടു ചേർത്തു വായിച്ചാൽ കർത്താവു ഇവിടെ പറഞ്ഞതിന്റെ പൊരുൾ കൂടുതൽ വ്യക്തമാകും. യോഹ. 1:42–ൽ സഹോദരൻ അന്ത്രയാസിനാൽ ആനയിക്കപ്പെട്ട പത്രൊസിനെ നോക്കി നിനക്കു "കേഫാ എന്നു പേരാകും" എന്നു കർത്താവു പറഞ്ഞപ്പോൾ മുതൽ കർത്താവിന്റെ ദൃഷ്ടിയിൽ പത്രൊസ് ഒരു കല്ല് ആണ്. (കേഫാ എന്ന അരാമ്യപദത്തിന്റെ അർത്ഥം ഒരു കല്ല് (a stone) എന്നാണ്). രണ്ടാമത്തെ ശ്രദ്ധേയമായ പദം പാറ (rock) എന്നതാണ്. ഗ്രീക്കിൽ പെട്രാ അഥവാ, കുലുങ്ങാത്തതും ഉറപ്പുള്ളതുമായ പാറ എന്നർത്ഥം. മാർപ്പാപ്പയുടെ ആധിപത്യത്തിൻകീഴിലുള്ള കത്തോലിക്കാസഭ ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നത് പാറ പത്രൊസ് ആണെന്നും ആ പത്രൊസെന്ന അടിസ്ഥാനത്തിലാണു യേശുകർത്താവു തന്റെ സഭ പണിതിരിക്കുന്നതെന്നും ആണ്. 'പത്രൊസേ നീ പാറയാകുന്നു; നിന്റെമേൽ ഞാൻ എന്റെ സഭയെ പണിയും' എന്നു യേശുകർത്താവു പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ആ വാദത്തിനു കഴമ്പില്ല. പത്രൊസുമായുള്ള സംഭാഷണത്തിൽ യേശു പ്രസ്താവിച്ചത്, 'നീ ഒരു പാറക്കല്ല് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും.'

ഏതു പാറയുടെമേലാണു ക്രൈസ്തവസഭ പണിയപ്പെട്ടിരിക്കുന്നത്? ക്രൈസ്തവസഭയുടെ മൂലക്കല്ല് ആരാണ്? ഈ ചോദ്യങ്ങളുടെ മറുപടിക്കായി

പത്രൊാസ് അപ്പൊസ്തലന്റെ വാക്കുകൾതന്നെ പരിശോധിക്കുന്നതാണ് ഏറ്റവും ഉചിതമെന്നു കരുതുന്നു. പത്രൊാസിന്റെ ഒന്നാം ലേഖനം രണ്ടാം അദ്ധ്യായം ആറുമുതൽ എട്ടുവരെ വാക്യങ്ങൾ പറയുന്നത് "ഞാൻ ശ്രേഷ്ഠവും മാന്യവുമായോരു മൂലക്കല്ലു സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല..." വിശ്വസിക്കാത്തവർക്കോ "വീടു പണിയുന്നവർ തള്ളക്കളഞ്ഞ കല്ലുതന്നേ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽ പാറയുമായിത്തീർന്നു" (യെശയ്യാവ് 28:16; 8:14). യെശയ്യാപ്രവചനത്തിൽ പ്രസ്താവിക്കപ്പെട്ട 'ശ്രേഷ്ഠവും മാന്യവുമായ മൂലക്കല്ലു' ക്രിസ്തു തന്നേ. യെരുശലേമിനെ ഉദ്ദേശിച്ചാണു പ്രവാചകൻ സീയോൻ എന്നു പറഞ്ഞിരിക്കുന്നത്.

അപ്പൊസ്തലനായ പൗലൊസും 'പാറ'യെ പരാമർശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പൗലൊസ് കൊരിന്തിലെ വിശ്വാസികൾക്കെഴുതിയ ആദ്യ ലേഖനത്തിന്റെ പത്താം അദ്ധ്യായം നാലാം വാക്യത്തിൽ ഇസ്രയേലി നോടുള്ള ബന്ധത്തിൽ പിളർന്ന പാറയെക്കുറിച്ചു നാം വായിക്കുന്നു. "എല്ലാ വരും ഒരേ ആത്മികപാനീയം കുടിച്ചു... അവരെ അനുഗമിച്ച ആത്മികപാറ യിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു." പൗലൊസും ആ പാറയെ വിശേഷിപ്പിച്ചിരിക്കുന്നത് പെട്രാ അഥവാ, ചലനരഹിതമായ പാറ എന്നാണ്, പ്രത്യുത, ഒരു പാറക്കഷണം എന്നല്ല. കർത്താവു ഏതു പാറമേൽ സഭയെ പണിയുമോ ആ പാറയാണു താൻ. മാനുഷിക അടിസ്ഥാനത്തിലായിരുന്നു ദൈവസഭ പണിയപ്പെട്ടിരുന്നു വെങ്കിൽ പാതാളഗോപുരങ്ങൾക്ക് അതിനെ ഇതിനകം എന്നേ കീഴ്പ്പെടുത്താമായിരുന്നു! ദൈവസഭയുടെ അടിസ്ഥാനം ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന യേശുകർത്താവാണ് അല്ലാതെ മൺമറഞ്ഞ ക്രിസ്തു ശിഷ്യന്മാരോ ക്രിസ്തുഭക്തന്മാരോ ഇതര മഹാരഥന്മാരോ ആരുമല്ല.

ഒരു കാര്യം കൂടി ഇവിടെ പ്രസ്താവ്യമാണ്. മത്തായി 16:18 -ൽ നമ്മുടെ കർത്താവു "എന്റെ സഭയെ" എന്ന് അടിവരയിട്ടുപറഞ്ഞിരിക്കുന്ന സ്ഥിതിക്ക്, പത്രൊാസ് ആയിരുന്നു ക്രൈസ്തവസഭയുടെ അടിസ്ഥാനമെങ്കിൽ ആ സ്ഥാനം പത്രൊാസിനു നല്കി, "പത്രൊാസിന്റെ സഭ"യെ പണിയും എന്ന് കർത്താവു പറയുകയില്ലേ? ചിന്തിക്കുക.

മേല്പറഞ്ഞ വസ്തുതകളിൽ നിന്നും നാമെന്തു നിമഗനത്തിലാണു എത്തേണ്ടത്? പത്രൊാസ് എന്ന പാറക്കഷണം അഥവാ കല്ല് യേശുക്രിസ്തു എന്ന പാറയിൽ പണിയപ്പെടുന്ന സഭാസൗധത്തിലെ ഒരു കല്ലു മാത്രം. നാമോരുത്തരും സഭാസൗധത്തിലെ ഓരോ കല്ല് ആണ്. പത്രൊാസ് തന്നെ അക്കാര്യം വ്യക്തമാക്കിയിരിക്കുന്നതു നമുക്കു വായിക്കാം. "നിങ്ങളും (നാമും) ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു" (1 പത്രൊാസ് 2:5). നമ്മുടെ സവിശേഷതകൾ അപ്പൊസ്തലൻ തുടർന്നു

(.......ശേഷം പേജ് 20)

# കുതിരകളിൽ ആശ്രയിക്കുന്നവർ

ജെസി ബെൻസെൻ, കൊച്ചി

യിസ്രായേൽ മക്കൾ കനാൻ ദേശത്തു എത്തിച്ചേർന്നശേഷം അവർ തങ്ങൾക്കു ഒരു രാജാവിനെ ആക്കി വയ്ക്കുമ്പോൾ കരുതിക്കൊള്ളേണ്ട ചില പ്രധാനകാര്യങ്ങൾ മോശെ അവരോടു പറയുന്നുണ്ട്. അതിൽ ഒന്ന് "അവന് കുതിരകൾ അനവധി ഉണ്ടാകരുത്" എന്നതായിരുന്നു. ഒരു രാജാവിന് കുതിരകൾ അനവധി ഉണ്ടാകേണ്ടത് ആവശ്യമാണ്. എന്നാൽ യിസ്രായേൽ മക്കൾ തങ്ങളുടെമേൽ ആക്കിവയ്ക്കുന്ന രാജാവിന് കുതിരകൾ അനവധി ഉണ്ടാകരുത് എന്നതായിരുന്നു മോശെ നല്കിയ കർശനമായ കല്പന.

ഇപ്രകാരം ഒരു കല്പന നല്കിയതിന്റെ കാരണവും അവിടെ വ്യക്തമാക്കുന്നുണ്ട്. അധികം കുതിര സമ്പാദിക്കേണ്ടതിന് ജനം മിസ്രയീമിലേക്കു മടങ്ങിപ്പോകുവാൻ ഇടയാകും എന്നതിനാലാണ് കുതിര സമ്പാദിക്കരുതെന്ന് പറഞ്ഞത്. വ്യാപാരാവശ്യത്തിനോ മറ്റു യാതൊരു കാരണത്താലോ മിസ്രയീമിലേക്കു മടങ്ങിപ്പോകുവാൻ യിസ്രായേൽ മക്കൾക്കു അനുവാദമില്ലായിരുന്നു. സമ്പത്ത് വർദ്ധിക്കുമ്പോഴാണ് കൂടുതൽ കരുത്താർജ്ജിക്കുവാനും സുരക്ഷിതത്വം വർദ്ധിപ്പിക്കുവാനുമായി കൂടുതൽ യുദ്ധായുധങ്ങൾ വാങ്ങിക്കുവാൻ ആവശ്യമായിത്തീരുന്നത്. അപ്പോഴാണ് വ്യാപാരത്തിനെന്ന പേരിൽ വിലക്കപ്പെട്ട ഇടങ്ങളിലേക്കും വിട്ടു പോന്നിടങ്ങളിലേക്കും ജനം മടങ്ങിപ്പോകുവാൻ ഇടവരുന്നത്. അബ്രഹാം യിസ്ഹാക്കിനു വേണ്ടി ഒരു പെൺകുട്ടിയെ തേടുവാൻ എല്യേസറിനെ പറഞ്ഞയച്ചപ്പോൾ നല്കിയ ഒരേയൊരു വ്യവസ്ഥ 'എന്റെ മകനെ അവിടേക്കു മടക്കിക്കൊണ്ടു പോകമാത്രം അരുത്' എന്നതായിരുന്നു. വിട്ടുപോന്നതിലേക്കും വിലക്കപ്പെട്ടതിലേക്കുമൊക്കെയുള്ള മടങ്ങിപ്പോക്ക് ഏതൊരു കാരണത്താലായാലും തിരുവചനം അനുവദിക്കുന്നില്ല എന്നതാണ് ഇവിടെ വ്യക്തമാക്കുന്നത്.

മോശെ ഇത്ര വ്യക്തമായ കല്പന നല്കിയിട്ടും അത് പില്ക്കാലത്ത് ലംഘിക്കപ്പെട്ടതായി നാം കാണുന്നു. "ശലോമോന് കുതിരകളെ കൊണ്ടു വന്നതു മിസ്രയീമിൽ നിന്നായിരുന്നു; രാജാവിന്റെ കച്ചവടക്കാർ അവയെ കൂട്ടമായി വിലയ്ക്കു വാങ്ങിക്കൊണ്ടുവരും. അവർ മിസ്രയീമിൽ നിന്ന് രഥമൊന്നിന് അറുന്നൂറും കുതിര ഒന്നിന് നൂറ്റമ്പതും വെള്ളിശെക്കൽ വിലകൊടുത്തു വാങ്ങിക്കൊണ്ടു വരും" (2 ദിന. 1:16) എന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും, അത് ദൈവകല്പനയുടെ നഗ്നമായ ലംഘനമാണെന്ന യാതൊരു ബോധ്യവും അവർക്ക് ഇല്ലായിരുന്നു എന്നു തന്നെയാണ് നാം മനസ്സിലാക്കേണ്ടത്. എത്ര തലമുറകൾ കഴിഞ്ഞാലും ദൈവ കല്പനയ്ക്കു യാതൊരു മാറ്റവും വരുന്നില്ല! എന്നാൽ, ദൈവം എന്ത് കല്പിച്ചിരിക്കുന്നു എന്നറിയുവാനും തിരുവചനത്തിൽ അന്വേഷിച്ച് വായിച്ചു നോക്കുവാനുള്ള വാഞ്ഛ നമുക്കു ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ പാപത്തെ പാപമെന്ന് തിരിച്ചറിയുവാൻ നമുക്കു കഴിയാതെ പോകുന്നു!!

ജയത്തിനു കുതിര വ്യർത്ഥമാണെന്നും (സങ്കീ. 33:17) ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നുവെന്നും (സങ്കീ. 20:7) രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും അധികം കുതിര സമ്പാദിക്കുന്ന തിന്റെ വ്യർത്ഥതയും ദൈവത്തിൽ ആശ്രയിക്കാതിരിക്കുന്നതിന്റെ ഭയാനകതയും വെളിപ്പെടുന്നു. പണത്തിനോ സ്ഥാനമാനങ്ങൾക്കോ കഴിയാതെ പോകുന്ന കാര്യങ്ങളിലല്ലാതെ ദൈവത്തിൽ ആശ്രയിക്കുവാൻ ഇടവരുന്നില്ല എന്നതും ആശ്രയം മറ്റു പലതിലും ആയിപ്പോകുന്ന തിനാലാണ്. പണത്തിലും ജീവിതസൗകര്യങ്ങളിലും സൗന്ദര്യത്തിലും ആരോഗ്യത്തിലും വിദ്യാഭ്യാസ ത്തിലും ഒക്കെ ആശ്രയിച്ചുപോകാനുള്ള സാധ്യത ഭയാനകമായ രീതിയിൽ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. എത്ര കുതിര സമ്പാദിച്ചാലും എത്ര ശക്തമായ യുദ്ധസന്നാഹമുണ്ടായാലും വിജയം ദൈവത്തിന്റെ കൃപാ കടാക്ഷത്താൽ മാത്രമേ സാധ്യമാകൂ എന്ന തിരിച്ചറിവാണ് ഇന്ന് ഇല്ലാതെ യായിക്കൊണ്ടിരിക്കുന്നത്.

യഹോവയിൽ ആശ്രയിക്കയും യഹോവ മാത്രം ആശ്രയമായിരിക്കയും ചെയ്യുന്നവരാണ് ഭാഗ്യവാന്മാർ. അതെ, നമുക്കും യഹോവയിൽ മാത്രം ആശ്രയിക്കാം. പാപത്തെ പാപമെന്ന് തിരിച്ചറിയാം. വിട്ടുപോന്നതിലേക്കു മടങ്ങിപ്പോകാതിരിക്കാം. ദൈവം കൃപനല്കട്ടെ.

****************

---

("പത്രോസേ നീ പാറയാകുന്നു" പേജ് 18-ന്റെ തുടർച്ച)

പറയുന്നതു ശ്രദ്ധിക്കുക. "...... തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രൊസ് 2:9). അങ്ങനെയെങ്കിൽ പത്രൊസും അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരും മാത്രമല്ല നാമോരോരുത്തരും പുരോഹിതന്മാരാണ്; ക്രിസ്തു നമ്മുടെ മഹാപുരോഹിതനും. പത്രൊസ്, താനല്ല പാറയെന്നും താൻ വെറുമൊരു കല്ലുമാത്രമാണെന്നും പറയുമ്പോൾ, "പത്രൊസേ, നീ പാറയാകുന്നു" എന്നു പറഞ്ഞ് പത്രൊസിനെ പാറയാക്കാൻ ശ്രമിക്കുന്നവർക്കല്ലേ പ്രമാദം സംഭവിച്ചിരിക്കുന്നത്?

**************

# പേർ വിളിക്കുമ്പോൾ നിങ്ങളുടെ പേരും കാണുമോ?

ഓഡ്രി ഹിൽ, യു. എസ്. എ.

ഇന്നു രാവിലെ പ്രഭാതഭക്ഷണത്തിനിരുന്നപ്പോഴാണ് ഒരു ശവസംസ്കാരത്തിന്റെ ദൃശ്യങ്ങൾ ടി.വി.യിൽ കണ്ടത്. അഫ്ഗാനിസ്ഥാനിൽ കൊല്ലപ്പെട്ട ഒരു അമേരിക്കൻ ഭടന്റെ നിശ്ചലമായ ശരീരം എന്റെ ശ്രദ്ധയിൽപെട്ടു. ഈ മാസമൊടുവിൽ പട്ടാളസേവനം പൂർത്തിയാക്കി വിരമിക്കാനിരുന്ന പട്ടാളക്കാരൻ! എന്റെ കണ്ണുകൾ അശ്രുപൂർണ്ണമായി. മനുഷ്യജീവിതത്തിന്റെ ക്ഷണഭംഗുരതയെ ഞാൻ ഒരിക്കൽകൂടി ഓർത്തുപോയി.

എന്നോടൊപ്പം ചിന്തിക്കുക. അതിമനോഹരമായ ഒരു ഓഡിറ്റോറിയം നിറയെ ആളുകൾ പ്രകാശമാനമായ ഹാളിലെ വെളിച്ചം ക്രമേണ മങ്ങിത്തുടങ്ങി. ഇരുളിൽ അമർന്ന സദസ്സ് അടുത്തനിമിഷം എന്താണു സംഭവിക്കാൻ പോകുന്നതെന്നു ആശങ്കാകുലരായി. ഒരു സുപ്രസിദ്ധ സുവിശേഷകന്റെ പ്രഭാഷണം കേൾക്കുവാനാണ് ജനം അവിടെ കൂടിയിരിക്കുന്നത്. ഹാളിലെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് അതിമനോഹരമായ ഒരു പഴയപാട്ടിന്റെ ഈരടികൾ കേൾക്കുവാൻ തുടങ്ങി.

“കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാതശോഭിതത്തിൻ നാൾ
പാർത്തലെ രക്ഷപെട്ടോരക്കരെക്കൂടി ആകാശേ
പേർവിളിക്കും നേരം കാണുമെൻ പേരും”

പാട്ട് അവസാനിച്ച ഉടൻ ഹാൾ പ്രകാശപൂരിതമായി. പ്രസിദ്ധസുവിശേഷകൻ സ്റ്റേജിലേക്കു മന്ദം മന്ദം പ്രവേശിച്ചിട്ട് സദസ്സിനോടായി ഒരു ചോദ്യം: “പേർ വിളിക്കും നേരം നിങ്ങളുടെ പേരും കാണുമോ?”

കാഹളം ധ്വനിക്കുമ്പോൾ വിശുദ്ധന്മാർ യേശുകർത്താവിനോടു ചേർക്കപ്പെടുമ്പോൾ, മദ്ധ്യാകാശത്തിൽ അവനെ എതിരേല്ക്കുമ്പോൾ നിങ്ങൾ അവരോടൊപ്പം കാണുമോ, അതോ പിൻതള്ളപ്പെട്ടുപോകുമോ? വേദപുസ്തകം പറയുന്നു:

“കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ, മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും” (1 തെസ്സ. 4:16,17).

റോമാലേഖനത്തിൽ നാം വായിക്കുന്നത്, "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു" എന്നും "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ" എന്നുമാണ്. അതേ ലേഖനത്തിൽ തന്നെ കാണുന്നു "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്നും.

ആ രാത്രിയിൽ അനേകർ തങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞ് പാപക്ഷമ പ്രാപിച്ച് നിത്യജീവന്റെ ഉടമകളായിത്തീർന്നു.

താങ്കൾ നിത്യജീവന്റെ ഉടമയോ? "പേർവിളിക്കും നേരം കാണുമെൻ പേരും" എന്ന് ഉറപ്പുണ്ടോ? ചിന്തിക്കുക. ●

---

# ബുദ്ധിയുള്ള ഭാര്യ

ഒരിടത്ത് ഒരു വൃദ്ധദമ്പതികൾ ജീവിച്ചിരുന്നു. പലപ്പോഴും അവർ തമ്മിൽതല്ലുക പതിവായിരുന്നു. ഒരിക്കൽ ഭർത്താവു ഭാര്യയെ ഇപ്രകാരം ഭീഷണിപ്പെടുത്തി: ''മരിച്ചാലും ഞാൻ കുഴിമാന്തി പുറത്തുവന്ന് നീ ചാകുന്നതുവരെ നിന്നെ നിരന്തരം ശല്യപ്പെടുത്തും." ചില്ലറ മാജിക്കുകൾ കാണിച്ചിരുന്ന അയാൾ പറഞ്ഞ വാക്കുകൾ കേട്ട അയൽവാസികൾ ഭയവിഹ്വലരായി ദിനരാത്രങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്നപ്പോൾ ഒരു ദിവസം തന്റെ തൊണ്ണൂറ്റെട്ടാം വയസ്സിൽ അയാൾ മരിച്ചു. അയൽവാസികൾക്കാകെ ഭയമായി.

ശവസംസ്കാരത്തിനുശേഷം വൃദ്ധയായ ഭാര്യ നേരെ മദ്യഷാപ്പിലേക്കു പോയി. ഇഷ്ടം പോലെ മദ്യപിച്ചു ആഹ്ളാദിച്ചു. ഈ കാഴ്ച കണ്ട അയൽവാസികൾ അവരോടു ചോദിച്ചു: ''നിങ്ങളുടെ ഭർത്താവു മരണശേഷം കുഴിമാന്തി നിങ്ങളെത്തേടി വരുമെന്ന് നിങ്ങൾക്കു പേടിയില്ലേ? അവർ കുലുങ്ങിച്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "അയാൾ കുഴി മാന്താൻ ഒന്നു ശ്രമിക്കട്ടെ. ഞാൻ അയാളെ തലകീഴാണു പെട്ടിയിൽ വച്ചിരിക്കുന്നത്. അപ്പോൾ കുഴി മാന്തി മാന്തി അയാൾ മുകളിലേക്കല്ല, പിന്നെയോ, താഴോട്ടു താഴോട്ടു പൊയ്ക്കൊണ്ടിരിക്കും. പോരെങ്കിൽ ആ മനുഷ്യൻ ആരോടും വഴി ചോദിക്കുന്ന പ്രകൃതക്കാരനും അല്ല. പിന്നെങ്ങനെയാണു എന്നെത്തേടി വരുന്നത്?"

എത്ര ബുദ്ധിയുള്ള ഭാര്യ!

# "കർത്താവായ യേശുക്രിസ്തു" എന്ന "വെളിച്ചം"

ഇവാ.ജോസ് മാത്യു, രാജസ്ഥാൻ

കർത്താവായ യേശുക്രിസ്തു തന്റെ മശിഹാത്വത്തെക്കുറിച്ച് നടത്തിയ ഏറ്റവും സുപ്രധാനമായ ഒരു പ്രഖ്യാപനം ആണ് "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു'' എന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഇപ്രകാരമുള്ള അനേകം പ്രഖ്യാപനങ്ങൾ കാണാം. ഇവ ഓരോന്നും ഓരോ പ്രത്യേക സന്ദർഭങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇവയുടെ ലക്ഷ്യം ഒന്നാണെങ്കിലും വിവിധ ചിന്താഗതികൾ തുറന്ന് കാട്ടുന്നുണ്ട്. "വെളിച്ചം" എന്ന വാക്ക് പുതിയനിയമത്തിൽ 72 പ്രാവശ്യം കാണുന്നതിൽ 23 പ്രാവശ്യവും യോഹന്നാന്റെ സുവിശേഷത്തിൽ ആണ്. കർത്താവായ യേശു ക്രിസ്തു വെളിച്ചം സൃഷ്ടിച്ചു എന്ന് മാത്രമല്ല (യോഹ. 1:13, കൊലൊ. 1:16) കർത്താവായ യേശുക്രിസ്തു തന്നെയാണ് വെളിച്ചം.

മനുഷ്യനും മറ്റ് ജീവികൾക്കും മുമ്പേ വെളിച്ചം സൃഷ്ടിക്കപ്പെട്ടു. ഉത്പ. 1:13. ദൈവത്തിൽ നിന്ന് മനുഷ്യന് ലഭിച്ചിട്ടുള്ള വലിയ അനുഗ്രഹമാണ് വെളിച്ചവും, വെളിച്ചം പ്രയോജനപ്പെടുത്താനുള്ള ക്രമീകരണങ്ങളും. എന്നാൽ കർത്താവായ യേശുക്രിസ്തു അന്ധകാരത്തിലായിരുന്നവരെ രക്ഷിക്കുവാനായി സ്വയം വെളിച്ചമായി ലോകത്തിലേക്ക് വന്നു.

**1. വെളിപ്പാട്:-** "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" (യോഹ.8:12). കർത്താവായ യേശുക്രിസ്തു തന്നെപ്പറ്റി അർത്ഥവത്തായ പല രൂപനാമങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. അതിൽ അതിപ്രധാനമായ ഒന്നാണ് ''ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു'' എന്നുള്ളത്. യോഹന്നാന്റെ സുവിശേഷത്തിലെ കർത്താവായ യേശുക്രിസ്തുവിന്റെ "ഞാൻ ആകുന്നു" എന്ന അവകാശവാദങ്ങളിൽ രണ്ടാമത്തേതാണ് "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്നത്. കർത്താവായ യേശുക്രിസ്തുവാണ് സാക്ഷാൽ വെളിച്ചം എന്ന് തിരുവെഴുത്തുകളിൽ നിന്നും മനസ്സിലാക്കാം (യെശ. 42:6, 49:6, 60:19, ലൂക്കൊ. 2:30). ദൈവം വെളിച്ചമാകുന്നു എന്ന ആശയം പൗരസ്ത്യ മതങ്ങളിൽ വളരെ സാധാരണമായിരുന്നു. യെഹൂദമതത്തിലും ഈ ആശയം മുന്നിട്ടു നില്ക്കുന്നു (പുറ. 32:21,22; സങ്കീ. 27:1; യെശ. 9:1; മലാ. 4:2). പ്രപഞ്ചത്തിലെ ജീവജാലങ്ങൾക്ക് സൂര്യൻ പ്രകാശവും ചൂടും പകർന്നു കൊണ്ട് ശക്തി പ്രദാനം ചെയ്യുന്നു. അതുപോലെ കർത്താവായ യേശു ക്രിസ്തുവും കൃപാവരജീവിതത്തിൽ മനുഷ്യർക്ക് പ്രകാശവും ശക്തിയും

പകർന്നു കൊടുക്കുന്നു. വെളിച്ചമായ കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുന്നവർ ആരും അന്ധകാരത്തിൽ നടക്കുന്നില്ല.

**2. പ്രതിഫലനം:-** "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു" (മത്താ. 5:14,16). ദൈവമക്കൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. നമ്മിലുള്ള ദൈവാത്മാവാണ് വെളിച്ചം നല്കുന്നത്. അത് നമ്മുടെ വെളിച്ചമല്ല, ദൈവത്തിന്റെ വെളിച്ചമാണ്. കർത്താവായ യേശുക്രിസ്തു വെളിച്ചമായിരിക്കുന്നത് കൊണ്ട് വിശ്വാസികളായ നാമും വെളിച്ചമാകുന്നു.

ലോകം അന്ധകാരത്തിലാണ്, പാപത്തിന്റേയും, അറിവില്ലായ്മയുടേയും ദൈവത്തിൽ നിന്നുള്ള അന്യവത്കരണത്തിന്റേയും അന്ധകാരം. നാമും ഒരിക്കൽ അന്ധകാരത്തിൽ ആയിരുന്നു. എന്നാൽ ഇപ്പോൾ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം വെളിച്ചത്തിലാണ്, വെളിച്ചമാണ് (എഫെ. 5:8, ഫിലി. 2:15). വെളിച്ചം ചുറ്റുപാടും വ്യാപിക്കുന്നു. ദൈവത്തിന്റെ ജനം ലോകത്തിന്റെ വെളിച്ചം ആണ്. കർത്താവായ യേശുക്രിസ്തു ഈ ലോകത്തിലായിരുന്നപ്പോൾ ലോകത്തിന്റെ വെളിച്ചമായിരുന്നു (യോഹ.1:4,9). അവന്റെ അഭാവത്തിൽ അവന്റെ ജനം ലോകത്തിന്റെ വെളിച്ചമാണ്. എല്ലാ വിശ്വാസിക്കും ജീവന്റെ വെളിച്ചമുണ്ട്. വിശ്വാസിയുടെ സത്പ്രവൃത്തികൾ അവനെ പ്രദർശിപ്പിക്കാനല്ല, അവനെ പ്രചോദിപ്പിച്ച ദൈവത്തിങ്കലേക്ക് മറ്റുള്ളവരെ ആകർഷിക്കാനായിരിക്കണം.

വെളിച്ചം വഴി കാട്ടുന്നു. മുന്നറിയിപ്പ് നല്കുന്നു. വിശ്വാസികളും അങ്ങനെ ആയിരിക്കണം. ദൈവത്തിന്റെ വഴി (രക്ഷയുടെ വഴി) ലോകത്തിന് കാണിക്കുന്ന വെളിച്ചമാണ് വിശ്വാസികളായ നാം. നമ്മുടെ സാക്ഷ്യം കൊണ്ടും മാതൃക കൊണ്ടും വാക്കുകൊണ്ടും ക്രിയ കൊണ്ടും നാം നമുക്ക് ലഭിച്ചിരിക്കുന്ന വെളിച്ചം ലോകത്തിന് നല്കേണ്ടിയിരിക്കുന്നു. നമ്മുടെ പെരുമാറ്റം മറ്റുള്ളവരുടെ പെരുമാറ്റത്തിൽ നിന്നും വ്യത്യസ്തമായിരിക്കണം. വെളിച്ചം അന്ധകാരത്തിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നതുപോലെ മറ്റുള്ളവർക്ക് നമ്മുടെ വെളിച്ചം കാണുവാൻ ഇടയാകണം. നമുക്ക് നമ്മോടു തന്നെ ചോദിക്കാം എനിക്ക് ലഭിച്ച വെളിച്ചം ശോഭിക്കുന്നുണ്ടോ? എന്റെ വിളക്കിൽ എണ്ണ ഉണ്ടോ?

**3. ഏകീഭാവം:-** "നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കൾ ആകുന്നു" (1 തെസ്സ. 5:5). ദൈവമക്കളുടെ സവിശേഷതയാണ് അവർ വെളിച്ചത്തിന്റെ മക്കളാണെന്നുള്ളത്. ക്രിസ്തുവിനെ കൂടാതെയുള്ളവർ ഇരുട്ടിന്റെ മക്കളാണ്. ദൈവം വെളിച്ചമാകയാൽ അവനുള്ളവർ ദൈവത്തിന്റെ മക്കളാണ്. വെളിച്ചത്തിന്റെ മക്കളായിരിക്കാനും ഇരുളിൽ നടക്കാനും ഒരേ സമയം സാധ്യമല്ല.

വിശ്വാസികളെല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആണ്. തന്റെ പുത്രനെ തിരസ്കരിച്ച ലോകത്തിന്റെ മേൽ ദൈവം ന്യായവിധി ചൊരിയുമ്പോൾ അവർ ഒഴിവാക്കപ്പെടുന്നതിന്റെ കാരണമിതാണ്. ദൈവത്തിൽ നിന്നും അകന്ന്, സന്മാർഗ്ഗിക അന്ധകാരത്തിലും ആത്മികരാത്രിയുടെ അനുഭവത്തിലും കഴിയുന്ന പാപികളുടെ നേർക്കുള്ള ന്യായവിധികളാണ് കർത്താവിന്റെ നാളിലുണ്ടാകുന്നത്.

**4. ബന്ധം:-** “വെളിച്ചങ്ങളുടെ പിതാവ്” (യാക്കോ. 1:17, 1 യോഹ. 1:5) എല്ലാ നന്മകളുടേയും മനുഷ്യജീവിതം ധന്യമാക്കുന്ന എല്ലാ നല്വരങ്ങളുടേയും ദാതാവാണ് സൃഷ്ടാവായ ദൈവം. “വെളിച്ചങ്ങൾ” എന്നുള്ളത് സൂര്യചന്ദ്ര നക്ഷത്രങ്ങളെ ആയിരിക്കണം സൂചിപ്പിക്കുന്നത്. പ്രസ്തുതവെളിച്ചങ്ങൾ നിരന്തരം ചലിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഒരു സമയത്ത് അവയുടെ പ്രകാശം കൊണ്ട് ഭൂമിയിൽ വെളിച്ചം ലഭിക്കുന്നു. വേറൊരു സമയത്ത് ഭൂമി അവയുടെ നിഴൽ കൊണ്ട് ഇരുട്ടിലാകുന്നു. പകലും രാത്രിയും ഈ പ്രകാശങ്ങളുടെ ഗതിഭേദം കൊണ്ടുളവാകുന്നു എന്ന് യാക്കോബ് പ്രസ്താവിക്കുന്നു. എന്നാൽ വെളിച്ചങ്ങളുടെ സ്രഷ്ടാവായ ദൈവം അങ്ങനെയല്ല, ദൈവം ആദിയോടന്തം നന്മയുടെ ഉറവിടമാണ്. അതുകൊണ്ട് ലോകത്തിലെ അധർമ്മത്തിന് ഹേതു ഒരു തരത്തിലും ദൈവമല്ല. ദൈവം വെളിച്ചമാകുന്നു. അന്ധകാരത്തിന്റെ കണികപോലും അവനിലില്ല.

വെളിച്ചങ്ങളെ നിർമ്മിച്ച ദൈവത്തിൽ ഇരുട്ട് അല്പം പോലും ഇല്ല. മാത്രമല്ല, ഒരു നിഴൽപോലും ഉണ്ടാകുന്നില്ല. ഇരുട്ടിന്റെ നിഴൽ മനുഷ്യനിൽ മ്ലാനതയും ദുഃഖവും ഉളവാക്കുന്നു. അവ ഭൗതികതയിൽ നിന്നും ഉണ്ടാകുന്നതാണ്. ദൈവത്തിനും നമുക്കും മദ്ധ്യേ ഉണ്ടാകുന്ന പ്രശ്നങ്ങൾ മൂലം ദുഃഖപൂർണ്ണമായ അന്ധകാരനിഴലിലൂടെ നാം ഗമിക്കേണ്ടി വരും. അപ്പോൾ ദൈവീക വെളിച്ചം നമുക്ക് ലഭിക്കുന്നില്ല. എന്നാൽ ദൈവം തന്റെ സ്ഥാനത്തിന് ചലനം വരുത്തുന്നതല്ല ഇതിന് കാരണം. ദൈവം ഒരിക്കലും നമ്മുടെ ജീവിതത്തിൽ നിഴൽ വിരിച്ച് നമ്മെ മ്ലാനവദനരാക്കുന്നില്ല. വെളിച്ചമില്ലാതെ നിഴൽ നമ്മുടെ ജീവിതത്തിൽ വ്യാപരിക്കുന്നു എങ്കിൽ നാം നില്ക്കേണ്ട സ്ഥാനത്ത് നിന്നും മാറിയതാണ് കാരണം. നാം തന്നെയാണ് നമ്മുടെ ജീവിതത്തിൽ വെളിച്ചരഹിതവും മ്ലാനപൂർണ്ണവുമായ നിലയ്ക്ക് കാരണക്കാർ. ദൈവത്തോട് നിർമ്മലമായ ബന്ധം പുലർത്തി അവന്റെ വെളിച്ചമാകുന്ന വഴിയിൽ ആണ് നാം ജീവിക്കേണ്ടത്. ദൈവത്തിന്റെ വെളിച്ചം നമ്മിൽ കൂടി വ്യാപരിച്ച് അന്ധകാരത്തിൽ കഴിയുന്ന അനേകരെ അത്ഭുതകരമാകുന്ന കർത്താവായ യേശുക്രിസ്തു എന്ന വെളിച്ചത്തിലേക്ക് നടത്തുവാൻ ഇടയാകട്ടെ.

**5. സുവ്യക്തത:-** "ജീവൻ മനുഷ്യരുടെ വെളിച്ചമാകുന്നു" (യോഹ. 1:4) ജീവന്റെ കൂടെ വെളിച്ചം എപ്പോഴും ഉണ്ട്. ജീവൻ വെളിച്ചത്തെ ആശ്രയിക്കുന്നു. ദൈവം ആദ്യം വെളിച്ചം ആണ് സൃഷ്ടിച്ചത്. അതിന് ശേഷം ആണ് ജീവൻ ഉണ്ടാക്കിയത് (ഉത്പ. 1:3,11). കർത്താവായ യേശുക്രിസ്തുവിന്റെ വെളിച്ചം നമുക്ക് ലഭിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ വെളിച്ചം, എല്ലാ മനുഷ്യരിലും ഉള്ള മനസ്സാക്ഷിയുടേയും ബുദ്ധിയുടേയും വെളിച്ചമാണ്. ജീവൻ വെളിച്ചത്തിന് വഴി തുറന്നു. പ്രകൃതിയിൽ ജീവന്റെ നിലനില്പിന് വെളിച്ചം അത്യാവശ്യം ആണ്. പ്രകൃതിയിൽ ജീവനും വെളിച്ചവും രണ്ടായി നില്ക്കുന്നു, എങ്കിലും ആത്മിക മണ്ഡലത്തിൽ വിഭജിക്കാൻ നിവൃത്തിയില്ല. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ജീവനും വെളിച്ചവും ഒരുമിച്ചു ലഭിക്കുന്നു (എഫെ. 5:8, കൊലൊ. 1:12,13).

സത്യവും യഥാർത്ഥവുമായ ജീവൻ കർത്താവായ യേശുക്രിസ്തുവിൽ സ്നേഹസ്വരൂപമായിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ ജീവൻ സകലർക്കും വെളിച്ചം ആയിരുന്നു. അതായത്, ദൈവത്തിന്റെ സത്യവും സ്വഭാവവും ഉപദേശവും ശക്തിയും കർത്താവായ യേശുക്രിസ്തു എന്ന വെളിച്ചം മുഖാന്തരം എല്ലാവർക്കും ലഭ്യമായിരിക്കുന്നു. പ്രപഞ്ചത്തെ പുലർത്തുന്നതും ഭരിക്കുന്നതും വചനമാണ്. വചനം പ്രപഞ്ചത്തിന് ജീവൻ നല്കുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമാണ്. സങ്കീർത്തനക്കാരൻ പറയുന്നു: "നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു" (സങ്കീ. 36:9).

എല്ലാ വെളിച്ചത്തിന്റേയും വിജ്ഞാനത്തിന്റേയും കൃപയുടേയും ഉത്ഭവകേന്ദ്രമാണ് വചനം. കർത്താവായ യേശുക്രിസ്തു സ്വയം വിശേഷിപ്പിച്ചു "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്ന്. മനുഷ്യർ വെളിച്ചത്തിന്റെ മക്കളായിത്തീർന്ന് വെളിച്ചത്തിൽ നടക്കണമെന്നും കർത്താവായ യേശുക്രിസ്തു ആഗ്രഹിച്ചു. വിശ്വാസഹൃദയങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് ഈ വെളിച്ചം എന്നും നിലനില്ക്കുന്നു. അന്ധകാരത്തിന് ഈ വെളിച്ചത്തെ കീഴടക്കുവാൻ സാധ്യമല്ല. ജീവിക്കുന്ന കർത്താവായ യേശുക്രിസ്തു നിത്യമായി ലോകത്തിന്റെ വെളിച്ചമായി വിരാജിക്കുന്നു. എല്ലാറ്റിലുമുപരി കർത്താവായ യേശുക്രിസ്തുവിന്റെ വെളിച്ചത്തിൽ നമുക്ക് പിതാവായ ദൈവത്തെ കാണുവാനും ഗ്രഹിക്കുവാനും കഴിയുന്നു.

**6. സ്വന്തമാക്കൽ:-** "ജീവന്റെ വെളിച്ചമുള്ളവനാകും" (യോഹ. 8:12) കണ്ടു രസിക്കാനുള്ള വെളിച്ചമല്ല കർത്താവായ യേശുക്രിസ്തു അനുഗമിക്കാനുള്ളതാണ്. കർത്താവായ യേശുക്രിസ്തു എന്ന വെളിച്ചം ഒരിക്കലും നിശ്ചലമല്ല. ചലനാത്മകമാണ്. ലോകത്തിന്റെ വെളിച്ചമാകുന്ന കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുക എന്നത് ചലനാത്മകമായ ഒരു

പ്രക്രിയയാണ്. കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുന്നവർ ഇരുട്ടിനെ വിട്ട് വെളിച്ചത്തിൽ നടക്കുന്നു; വെളിച്ചമുള്ളവനായിത്തീരുന്നു. ഈ വെളിച്ചം പ്രാപിച്ചവരൊക്കെ ലോകത്തിന്റെ വെളിച്ചമായിത്തീരുന്നു.

ലോകം പാപത്തിന്റെ അന്ധതയിലും അജ്ഞതയിലും ലക്ഷ്യമില്ലായ്മയിലും തപ്പിത്തടയുകയാണ്. ലോകത്തിന്റെ വെളിച്ചമാണ് കർത്താവായ യേശുക്രിസ്തു. കർത്താവായ യേശുക്രിസ്തുവിനെ കൂടാതെ ജീവിതത്തിന് ഒരു നടത്തിപ്പുണ്ടാകുകയില്ല. ജീവിതയാഥാർത്ഥ്യത്തിനും നിത്യതയ്ക്കും വാസ്തവമായി ഒരർത്ഥം കണ്ടെത്തുവാൻ ക്രിസ്തുവിലല്ലാതെ മറ്റ് നിർവ്വാഹമില്ല. കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുന്ന ഏവരും "ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും" എന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടുണ്ട്.

കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുക എന്ന് വച്ചാൽ അവനിൽ വിശ്വസിക്കുക എന്നാണർത്ഥം. വീണ്ടും ജനനം പ്രാപിക്കാതെ, യേശു ജീവിച്ച ജീവിതം നയിക്കുവാൻ സാധിക്കും എന്ന് തെറ്റിദ്ധരിക്കുന്ന പലരുമുണ്ട്. കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുക എന്നുവച്ചാൽ മാനസാന്തരത്തോടെ കർത്താവിന്റെ അടുക്കൽ വന്ന്, പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ച് അവനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക എന്നാണർത്ഥം. അങ്ങനെ ചെയ്യുന്ന ഏവർക്കും ജീവിതത്തിന് നടത്തിപ്പും നിത്യതയെക്കുറിച്ചുള്ള പ്രത്യാശയുമുണ്ട്. പോഷണത്തിന് താൻ ജീവന്റെ അപ്പവും ദാഹിക്കുന്നവന് ജീവന്റെ ജലവുമാണെന്ന് ഉപദേശിച്ചു. കർത്താവായ യേശുക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ജീവന്റെ വെളിച്ചമായി ഇതാ വെളിപ്പെടുന്നു.

**7. സംതൃപ്തി:-** "ശരീരം മുഴുവൻ പ്രകാശിതമായിരിക്കും" (ലൂക്കൊ. 11:34,36) ശരീരത്തിന്റെ വിളക്ക് കണ്ണായിരിക്കുന്നതുപോലെ മനുഷ്യന്റെ വിളക്ക് അവന്റെ ഹൃദയമാണ്. അത് ചൊവ്വുള്ളതായിരിക്കണം. "ചൊവ്വുള്ളത്" എന്ന് തർജ്ജമ ചെയ്തിരിക്കുന്ന മൂലപദത്തിന് പ്രകാശമുള്ളത്, കാഴ്ച മറയ്ക്കുന്ന പാടയാൽ മൂടപ്പെടാത്തത്, ആരോഗ്യമുള്ളത് എന്നെല്ലാമാണ് അർത്ഥം. ഇവിടെ കണ്ണിന്റെ അർത്ഥം ഹൃദയത്തിന്റേയോ മനസ്സിന്റേയോ കണ്ണ്, അതായത് നമ്മുടെ "ആത്മികകണ്ണ്" എന്നാണ്. നമ്മുടെ ഭൗതികകണ്ണുകൊണ്ട് ഭൗതിക കാര്യങ്ങൾ കാണുന്നു. നമ്മുടെ ആത്മിക കണ്ണ് കൊണ്ട് നന്മയും തിന്മയും തിരിച്ചറിയാൻ കഴിയും. ഭൗതികവും സ്വർഗ്ഗീയവും തിരിച്ചറിയാം.

നമ്മുടെ ആദ്ധ്യാത്മിക കണ്ണുകൾ നല്ലതാണെങ്കിൽ അതായത് ആരോഗ്യമുള്ളതും വ്യക്തവും ആണെങ്കിൽ, നമ്മുടെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും; ദൈവത്തിന്റെ പ്രകാശത്താൽ നമ്മുടെ ആത്മീയ

കണ്ണിലൂടെയാണ് ദൈവത്തിന്റെ ആത്മാവ് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവന്നത്. നമ്മുടെ ആത്മീയകണ്ണ് അടഞ്ഞതോ അന്ധമോ ആണെങ്കിൽ ദൈവത്തിന്റെ പ്രകാശം നമ്മുടെ മനസ്സിൽ പ്രകാശിക്കുക പ്രയാസമാണ്. നാം ആത്മികാന്ധകാരത്തിൽ തപ്പിത്തടയും. ആത്മികവെളിച്ചത്തിന്റെ ഏകഉറവിടം ദൈവമാണ്. ഈ വെളിച്ചം ഇരുട്ടാണെങ്കിൽ നാം പൂർണ്ണമായ അന്ധകാരത്തിലാണ്. കർത്താവായ യേശുക്രിസ്തു പറഞ്ഞു: "ആകയാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിപ്പാൻ നോക്കുക".

നാം നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുന്നത് തികച്ചും ഉത്തമമായിരിക്കും. നമ്മുടെ ആത്മികകണ്ണുകൾ എങ്ങനെയുണ്ട്? അവ വ്യക്തവും ആരോഗ്യമുള്ളവയുമാണോ? നാം കർത്താവായ യേശുക്രിസ്തുവിനെ കാണുന്നുണ്ടോ?

ശരീരത്തിന് പ്രകാശം വരുത്തേണ്ടത് കണ്ണാണ് എന്ന് പറഞ്ഞിരിക്കുന്നതിനാൽ മറ്റൊരു സൂചനയുമുണ്ട്. ഒരാളിന്റെ പ്രവർത്തനങ്ങൾ മുഴുവൻ ആശ്രയിച്ചിരിക്കുന്നത് അയാളുടെ ജീവിതവീക്ഷണത്തെയാണ്. ഉന്നതമായ ലക്ഷ്യങ്ങളും ആദർശങ്ങളും ഉള്ള ജീവിതവീക്ഷണത്തിനേ ലോകത്തിൽ വെളിച്ചം പരത്താൻ കഴിയൂ.

**വാൽകഷണം**

കർത്താവായ യേശുക്രിസ്തു സ്വയം പ്രഖ്യാപിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും." വിശ്വാസികളായ നമുക്ക് ലഭിച്ചിരിക്കുന്ന ഒരു വെളിപ്പാടാണ് കർത്താവായ യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നു എന്നുള്ളത്. അതിന്റെ പ്രതിഫലനമാണ്, നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് കർത്താവായ യേശുക്രിസ്തു നമ്മെക്കുറിച്ച് പറഞ്ഞത്. നിങ്ങൾ എല്ലാവരും മക്കളാകുന്നു എന്ന് പറഞ്ഞത്, കർത്താവായ യേശുക്രിസ്തു എന്ന ഏകീഭാവമാണ് ദൈവവും കർത്താവായ യേശുക്രിസ്തുവും തമ്മിലുള്ള ബന്ധമാണ് കർത്താവായ യേശുക്രിസ്തുവും നാമും തമ്മിലുള്ളത്. ആ ബന്ധമാണ് വെളിച്ചങ്ങളുടെ പിതാവുമായി നമുക്കുള്ളത്. എത്രയോ സുവ്യക്തമായ കാര്യമാണ് ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു എന്നുള്ളത്. കർത്താവായ യേശുക്രിസ്തു എന്ന ആ വെളിച്ചത്തെ കാലാകാലങ്ങളിലായി നമുക്ക് സ്വന്തമാക്കുവാൻ കഴിഞ്ഞത് എത്രയോ ഉന്നതമായ പദവിയാണ്. വലിയവനായ ദൈവം നല്കിയ ആ പദവിയിൽ സംതൃപ്തരായി, ആ വെളിച്ചം നമ്മുടെ ശരീരം മുഴുവൻ പ്രകാശപൂരിതമാക്കി ലോകത്തിന്റെ മുമ്പിൽ കർത്താവായ യേശുക്രിസ്തു എന്ന വെളിച്ചത്തെ നമുക്ക് പ്രദർശിപ്പിക്കാം. അതിനായി ദൈവം സഹായിക്കുമാറാകട്ടെ.

******

# "നിങ്ങളുടെ വിശ്വാസം എവിടെ?"

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

"നിങ്ങളുടെ വിശ്വാസം എവിടെ?" (ലൂക്കൊസ് 8:25) മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ മൂന്നു സുവിശേഷങ്ങളിലും പ്രസ്താവിച്ചിരിക്കുന്ന, നമ്മുടെ കർത്താവ് കടലിനെ ശാന്തമാക്കുന്ന അത്ഭുതത്തോടനുബന്ധിച്ച് ഗുരു ശിഷ്യന്മാരോടു ചോദിക്കുന്നതായി ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്ന ചോദ്യമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. മത്തായി സുവിശേഷകൻ ശിഷ്യന്മാർക്കു അനുയോജ്യമായ ഒരുപേരുകൂടി തന്റെ വിവരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. മത്തായി 6:30; 8:26; 14:31; 16:8 ഈ വാക്യങ്ങളിൽ യേശുകർത്താവു തന്റെ പുതിയ ശിഷ്യന്മാരെ അഭിസംബോധന ചെയ്യുന്നത് "അല്പവിശ്വാസികൾ" എന്നത്രേ. ആ പദത്തിന്റെ അർത്ഥം സുവ്യക്തമാണ്. അല്പവിശ്വാസമുള്ളവരാണ് അല്പ വിശ്വാസികൾ. പുതിയ ശിഷ്യന്മാരെ കുറ്റപ്പെടുത്തിയാണു അവരെ അങ്ങനെ അഭിസംബോധന ചെയ്തതെന്നു കരുതുന്നതു ശരിയല്ല. പ്രത്യുത, കർത്താവിന്റെ പരസ്യശുശ്രൂഷയുടെ പ്രാരംഭവേളയിൽ, തന്നോടൊപ്പം ഒരു ചുരുങ്ങിയ കാലയളവുമാത്രം ചെലവിച്ച ശിഷ്യന്മാർക്കു അല്പവിശ്വാസമേ തന്നിൽ ഉണ്ടായിരുന്നുള്ളുവെന്ന യാഥാർത്ഥ്യം ഹൃദയങ്ങളെ അറിയുന്ന കർത്താവ് ശിഷ്യന്മാരെ കൂടെക്കൂടെ ഓർമ്മിപ്പിച്ചതാവാം. അവരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ആഴമായിത്തീരുന്നതിനും ആ ഓർമ്മപ്പെടു ത്തൽ ഉപയുക്തമാകണം.

മത്തായിയുടെയും മർക്കൊസിന്റെയും സുവിശേഷങ്ങളിൽ അവർ ഭീരുക്കൾ ആണെന്നും കർത്താവു അവരോടു പറയുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ കാണുന്ന, നമ്മുടെ കർത്താവിന്റെ ചോദ്യമാണു ഇവിടെ ചിന്താവിഷയം. "നിങ്ങളുടെ (നാം ഓരോരുത്തരുടെയും) വിശ്വാസം എവിടെ?" ശിഷ്യന്മാരോടു കർത്താവു ചോദിച്ച പ്രസ്തുത ചോദ്യത്തിലൂടെ നാമെന്താണു മനസ്സിലാക്കുന്നത്? ഒന്നാമതായി, കർത്താവ് ആരെന്ന് അവർക്കു വലിയ ഗ്രാഹ്യമൊന്നുമില്ലെന്നു കരുതാം. അവർക്കു തന്നിലും തന്റെ കഴിവിലും 'അല്പവിശ്വാസമേയുള്ളു.' അവർ യേശുവിനെ അനുധാവനം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു ഇപ്പോഴുള്ള തരത്തിലുള്ള നേരിയ വിശ്വാസം പോരാ. അവർ അല്പവിശ്വാസികൾ ആയതുകൊണ്ടാണ് ഭീരുക്കൾ ആയിരിക്കുന്നത്. ഭീരുക്കൾ ദുർബലന്മാരും ഒരു കാര്യവും ചെയ്യുന്നതിനു ധൈര്യം ഇല്ലാത്തവരും ആയിരിക്കും. ഭയമായിരിക്കും അവരുടെ മുഖമുദ്ര. അത്തരക്കാരെയല്ല ആ ഗുരു തന്റെ ശിഷ്യന്മാരായി സ്വീകരിക്കുന്നത്.

അല്പവിശ്വാസികൾക്കുള്ളതായിരുന്നില്ല താൻ അവരെ ഏല്പിക്കുവാൻ പോകുന്ന ദൗത്യം. തന്റെ ഇതഃപര്യന്തമുള്ള പ്രവൃത്തികൾ കണ്ടിട്ടും താൻ ആരാണെന്നോ തന്റെ കഴിവുകൾ എന്താണെന്നോ മനസ്സിലാക്കി അവരുടെ വിശ്വാസം ലേശവും വർദ്ധിച്ചില്ലേ? അവർക്കു തന്നിലുള്ള വിശ്വാസം ഏതൊരു തലത്തിലാണെന്ന് ഒന്നു അവലോകനം ചെയ്യേണ്ടിയിരിക്കുന്നു. കുരുടൻ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു. കടലിനെ ശാന്തമാക്കി, പ്രകൃതിമേലും തനിക്കുള്ള അധികാരത്തെ പ്രകടമാക്കിയിട്ടും ഇതിന്റെയെല്ലാം ദൃക്സാക്ഷികളായ അവരുടെ വിശ്വാസം എവിടെ?, അഥവാ എത്രത്തോളം?

യേശുകർത്താവു തന്റെ സന്തതസഹചാരികളായ ശിഷ്യന്മാർക്കു ഒരു പേരു കൊടുക്കുന്നു: “അല്പവിശ്വാസികൾ”. ചിലപ്പോഴൊക്കെ നമുക്കും യോജിച്ച ഒരു പേരല്ലേ അതെന്നു ഞാൻ ചിന്തിച്ചുപോകുന്നു. നിരവധി ദശാബ്ദങ്ങൾ കർത്താവിനെ അക്ഷയമായി സേവിച്ചവർ മുതൽ പുതിയ വിശ്വാസികൾ വരെയുള്ളവരുടെ ജീവിതത്തിൽ പ്രതികൂലസാഹചര്യങ്ങൾ വരുമ്പോൾ, മാറാരോഗങ്ങൾ നമ്മെ അലട്ടുമ്പോൾ, പ്രതിസന്ധികൾ നമ്മെ ഗ്രസിക്കുമ്പോൾ നാം അല്പവിശ്വാസികൾ ആകാറില്ലേ? നമ്മുടെ കർത്താവു പ്രക്ഷുബ്ധമായ കടലിലെ പടകിൽവച്ചു ശിഷ്യന്മാരോടു ചോദിച്ച ആ ചോദ്യം നമ്മോടുള്ള ബന്ധത്തിലും പ്രസക്തമല്ലേ? “നിങ്ങളുടെ വിശ്വാസം എവിടെ(പ്പോയി)?”

വിശ്വസിക്കാനും ആശ്രയിക്കാനുമുള്ള അറിവും കഴിവും ദൈവം നമുക്കു നല്കിയിട്ടുണ്ട്. പക്ഷേ ആ കഴിവു വിനിയോഗിക്കുവാൻ നാം വിമുഖത കാട്ടുന്നു. ഒരു പക്ഷേ ജോലി, മാതാപിതാക്കൾ, മതബന്ധ(ന)ങ്ങൾ, സാമുദായിക പിൻബലം എന്നുവേണ്ടാ, സമൂഹത്തിലെ വിലപ്പെട്ട പലതും ത്യജിച്ചവരല്ലേ നാം? എന്നിട്ട് പ്രതിസന്ധി വരുമ്പോൾ എന്തേ തളർന്നു പോകുന്നു? “എന്റെ വിശ്വാസം പൊയ്പ്പോകുന്നു” എന്നൊക്കെ പറയാറില്ലേ? ഒരു കാറ്റിൽ പറന്നുപോകുന്ന വിശ്വാസമാണോ നമുക്കുള്ളത്? അതായത്, അല്പവിശ്വാസം!

നിരാശയുടെ സ്ഥാനത്തു പ്രത്യാശയും ദുഃഖവേളകളിൽ സാന്ത്വനവും രോഗക്കിടക്കയിൽ അത്ഭുതവിടുതലും നല്കാൻ കഴിയുന്ന ഏകവ്യക്തി അവിടുന്നാണ്. അവനാണ് പ്രാണനെ മരണത്തിൽ നിന്നും കണ്ണിനെ കണ്ണുനീരിൽ നിന്നും കാലിനെ വീഴ്ചയിൽ നിന്നും രക്ഷിക്കുന്നവൻ (സങ്കീ. 116:8). അവനാണു നമ്മുടെ രക്ഷകൻ. അവിടന്നു നമ്മോടു ചോദിക്കുകയാണ് “നിങ്ങളുടെ വിശ്വാസം എവിടെ?” എന്ന്. നിങ്ങൾക്കു വിശ്വാസമുണ്ടോ? എങ്കിൽ എന്തുകൊണ്ടാണ് അതു പ്രവൃത്തിയിൽ പ്രകടമാക്കാത്തത്? അലറുന്ന ആഴിയിൽ അടിയാതെ തോണിയെ അക്കരെയെത്തിക്കാൻ കഴിവുള്ള കപ്പിത്താൻ അമരത്തിരിക്കുമ്പോൾ നാം തികച്ചും സുരക്ഷിതരാണെന്നുള്ള ബോധം നമ്മെ ഭരിക്കേണ്ടതാണ്. പിന്നെന്തിനു പ്രാണഭയത്തിലാ

കണം? നമ്മുടെ ജീവിതപ്പടകു കൊടുങ്കാറ്റിലകപ്പെടുമ്പോൾ സ്വയം രക്ഷപ്പെടാനുള്ള മാർഗ്ഗം കണ്ടെത്താൻ നാം ശ്രമിക്കുന്നതു സ്വാഭാവികമാണ്. പക്ഷേ, ഒന്നു നാം ഓർക്കണം, ദൈവം സർവ്വശക്തനാണ്. മാനുഷിക ദൃഷ്ടിയിൽ അസാദ്ധ്യമെന്നു തോന്നുന്ന കാര്യങ്ങൾ സാധ്യമാക്കുന്ന ദൈവം. ലോകത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്ന ദൈവം നാം ഓരോരുത്തരെക്കുറിച്ചും കരുതലുള്ളവനാണ്. ''ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്'' എന്ന് അരുളിചെയ്തവൻ ഒരു വ്യാജൻ അല്ലെന്നു ഓർക്കുക. അവിടുന്ന് വാഗ്ദത്തങ്ങളിൽ അതീവവിശ്വസ്തൻ!

കൊടുങ്കാറ്റടിക്കുമ്പോൾ നാം തിരയിലകപ്പെട്ടു നശിക്കുമെന്നു ഭയപ്പെടുമ്പോൾ, സ്വയം രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചു സമയം കളയാതെ, കർത്താവിനെ സമീപിക്കുവാൻ മടിക്കരുത്. സുനാമിത്തിരകൾ ആർത്തിരമ്പുന്ന കടലിനെ ശാന്തമാക്കുവാൻ കഴിവുള്ളവൻ നമ്മുടെ പ്രശ്നങ്ങൾ എത്ര ഗുരുതരമായിരുന്നാലും അവയെ പരിഹരിക്കുവാൻ മതിയായവനാണ്. നമ്മുടെ പ്രക്ഷുബ്ധമാനസത്തെയും അവിടന്നു ശാന്തമാക്കും. പടകിന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻ ബാധ്യസ്ഥനായവൻ കൂടെയുള്ളപ്പോൾ നാമെന്തിനു ജീവിതത്തിൽ ആഞ്ഞടിക്കുന്ന ചുഴലിക്കാറ്റുകളെ ഭയപ്പെടണം? നമ്മെ സ്വന്തമാക്കാൻ വേണ്ടി സ്വജീവനർപ്പിച്ച രക്ഷകൻ നമ്മുടെ സുരക്ഷിതത്വത്തിൽ താത്പര്യമില്ലാത്തവനോ? നമ്മെ സുരക്ഷിതരായി ലക്ഷ്യത്തിലെത്തിക്കണമെന്ന തീവ്രമായ ആഗ്രഹം നമ്മെക്കാളുപരി നമ്മുടെ കർത്താവിന് ഉണ്ടെന്നുള്ളതിൽ സംശയം വേണ്ടാ. അങ്ങനെയെങ്കിൽ കാർമേഘാവൃതമായ ആകാശം കണ്ടിട്ട് നാമെന്തിനു പരിഭ്രാന്തരാകണം? നമുക്കു അത്തരം സന്ദർഭങ്ങളിൽ ആവശ്യമായിരിക്കുന്നത് അവനിലുള്ള ആഴമായ, അചഞ്ചലമായ വിശ്വാസം, അതൊന്നു മാത്രമാണ്. നാം പതറുമ്പോൾ, ഭയചകിതരാകുമ്പോൾ, സമചിത്തത കൈവെടിയുമ്പോൾ, അന്ധാളിച്ച് ഇതികർത്തവ്യഥാമൂഢരായി നിലകൊള്ളുമ്പോൾ നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തു നമ്മോടു ചോദിക്കുന്ന ചോദ്യമാണ്, "നിങ്ങളുടെ വിശ്വാസം എവിടെ" (പ്ലോയി) എന്ന്. നമ്മുടെ വിശ്വാസശോധനവേളകളിൽ പരാജയത്തിന്റെ പടുകുഴിയിൽ നിപതിക്കാതിരിക്കാൻ "നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കണേ" എന്നു നമുക്കു പ്രാർത്ഥിക്കാം.

*************

# Quest – 24

(ഈ ലക്കം QUEST - ലെ ചോദ്യങ്ങൾ ഓബദ്യാവു, യോനാ, മീഖാ എന്നീ പ്രവചന പുസ്തകങ്ങളിൽ നിന്നാണ്.)

1. ആരുടെ ഉത്ഭവമാണ് പണ്ടേയുള്ളതും പുരാതനമായതും?
2. ഭൂമിയിൽ നിന്ന് നശിച്ചുപോയത് ആർ?
3. "നിങ്ങൾ എന്റെ ജനത്തിന്റെ മാംസം തിന്നു അവരുടെ ത്വക്കു അവരുടെ മേൽ നിന്ന് ഉരിച്ചു കളയുന്നു." ഇത് ആര് കേൾക്കാനാണ് അരുളി ചെയ്തത്?
4. എവിടെയാണ് രക്ഷിതഗണം ഉണ്ടാകുന്നത്?
5. എന്തുകൊണ്ട് ദൈവം നിനെവേയ്ക്ക് മേൽ അനർത്ഥം വരുത്തിയില്ല?
6. ഇത് ഏത് കാലം എന്നാണ് യഹോവ അരുളി ചെയ്തത്?
7. പഴയ നിയമത്തിലെ ഏറ്റവും ചെറിയ ഗ്രന്ഥം?
8. നിനെവേ എങ്ങനെയുള്ള നഗരമായിരുന്നു?
9. ജ്ഞാനികളേയും വിവേകത്തേയും നശിപ്പിക്കുന്നത് എവിടെ നിന്ന്?
10. പണം വാങ്ങി ലക്ഷണം പറയുന്നവർ ആർ?
11. "ഞാൻ നിന്റെ കൊമ്പിനെ ഇരിമ്പും നിന്റെ കുളമ്പുകളെ താമ്രവും ആക്കും." ആരുടെ?
12. മനുഷ്യന്റെ ശത്രുക്കൾ ആര്?
13. ഭൂമി ശൂന്യമായി തീരുന്നത് എങ്ങനെ?
14. തർശീശിലേക്ക് പോകാൻ യോനാ എവിടെ ചെന്നു?
15. ഗിലെയാദിനെ കൈവശമാക്കുന്നത് ആര്?
16. വയലുകളെ ആർക്ക് വിഭാഗിച്ചു കൊടുക്കുന്നു എന്നാണ് പറയുന്നത്?
17. യോനായെ സങ്കടത്തിൽ നിന്ന് വിടുവിപ്പാൻ യോഹാവ എന്തു ചെയ്തു?
18. മേച്ചിൽ പുറത്തെ ആട്ടിൻ കൂട്ടത്തെപ്പോലെ യഹോവ ഒരുമിച്ചു കൂട്ടുന്നത് ആരെയൊക്കെ?
19. ശമര്യയെ എന്താക്കുമെന്ന് യഹോവ അരുളി ചെയ്തത്?
20. ഉപദേശവും വചനവും എവിടെനിന്ന് പുറപ്പെടുമെന്നാണ് പ്രവാചകൻ പറയുന്നത്?

**പ്രത്യേക ശ്രദ്ധയ്ക്ക്**

Quest 24 ന്റെ ഉത്തരങ്ങൾ
2012 May 20 നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേ വിലാസം:**

ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## Quest - 23 ന്റെ ഉത്തരങ്ങൾ

| | | |
|---|---|---|
| 1. യഹോവയുടെ ദിവസം | – | യോവേൽ 1:15 |
| 2. ഹൃദയങ്ങളെ | – | യോവേൽ 2:13 |
| 3. യഹോശാഫാത്ത് | – | യോവേൽ 3:12 |
| 4. യിസ്രായേൽ | – | ആമോസ് 2:7 |
| 5. ബേർ– ശേബയിലേക്ക് | – | ആമോസ് 5:5 |
| 6. ആടുകളെ നോക്കിക്കൊണ്ടിരുന്നപ്പോൾ, നീ ചെന്ന് എന്റെ ജനമായ യിസ്രയേലിനോട് പ്രവചിക്ക | – | ആമോസ് 7:15 |
| 7. കീറിലേക്കു | – | ആമോസ് 1:5 |
| 8. യിസ്രയേൽ ഗൃഹം | – | ആമോസ് 6:13 |
| 9. കോതമ്പിനെയും യവത്തെയും | – | യോവേൽ 1:11 |
| 10. പർവ്വതങ്ങളിൽ പരന്നിരിക്കുന്ന പ്രഭാതം പോലെ പെരുപ്പവും ബലവുമുള്ളൊരു ജാതി | – | യോവേൽ 2:2 |
| 11. ആകാശത്തിലും ഭൂമിയിലും | – | യോവേൽ 2:30 |
| 12. വീരന്മാരെ, വിശുദ്ധയുദ്ധത്തിന് | – | യോവേൽ 3:9 |
| 13. വെൺകതിർ കൊണ്ടും വിഷമഞ്ഞു കൊണ്ടും | – | ആമോസ് 4:9 |
| 14. അമസ്യാവു | – | ആമോസ് 7:12 |
| 15. ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും | – | ആമോസ് 5:23 |
| 16. യിസ്രയേലിലെ സ്ത്രീകളുടെ | – | ആമോസ് 4:2 |
| 17. ഗിലെയാദിലെ ഗർഭിണികളെ പിളർന്നു കളഞ്ഞു | – | ആമോസ് 1:13 |
| 18. യഹോവയുടെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ | – | യോവേൽ 1:9 |
| ഇടയന്മാരുടെ മേച്ചല്പുറങ്ങൾ | – | ആമോസ് 1:2 |
| 19. ദർശനങ്ങൾ ദർശിക്കും | – | യോവേൽ 2:28 |
| 20. ശിത്തീം താഴ്വരയെ നനയ്ക്കും | – | യോവേൽ 3:18 |

**QUEST - 23** ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. മേഴ്സി ജോർജ്ജ്, മണ്ണുത്തി, തൃശ്ശൂർ.
2. ലീല ഫ്രെഡറിക്, പുതിയങ്ങാടി, കോഴിക്കോട്.
3. ഹെൽനാ വിൽസൺ, വിലങ്ങന്നൂർ, പീച്ചി, തൃശ്ശൂർ.
4. ആനി രാജു, പുലിയൂർ ഗാർഡൻസ്, നാലാഞ്ചിറ, തിരുവനന്തപുരം

വിജയികൾക്കു ഞങ്ങളുടെ ഹൃദയംഗമായ അഭിനന്ദനങ്ങൾ. ക്വസ്റ്റിന് ലഭിക്കുന്ന നല്ല പ്രതികരണങ്ങൾക്ക് നന്ദി. പങ്കെടുത്ത ഏവർക്കും ഞങ്ങളുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചുകൊള്ളുന്നു.

**Quiz Master**

**A bi-monthly publication by**
**Smt. Preetha Denny**
**Good News**
**Akkulam Road**
**Trivandrum 695 031**